# സംഘവേദി

കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ പ്രസിദ്ധീകരണം

പുസ്തകം 9 ● ലക്കം 31 ● ഡിസംബർ ● കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ ● പേജ് 24



# ക്ഷാമബത്ത കണക്കുകൂട്ടുന്ന വിധം

1967 ലെ അനിശ്ചിതകാല പണിമുടക്കിനെ തുടർന്ന് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ് സംസ്ഥാന ജീവനക്കാർക്ക് ആദ്യമായി കേന്ദ്ര നിരക്കിൽ ഡി.എ. അനുവദിച്ചത്. അന്നുമുതൽ കേന്ദ്ര ഡി.എ. ഫോർമുലയിൽ വന്ന എല്ലാ മാറ്റങ്ങളും കേരളത്തിലെ ജീവനക്കാരുടെ ക്ഷാമബത്തയിലും പ്രതിഫലിക്കുന്നുണ്ട്. 1986നു മുമ്പ് ശരാശരി ജീവിതവിലസൂചിക (അടിസ്ഥാനവർഷം 1960) 8 പോയിന്റ് വർധിക്കുമ്പോൾ ഒരു ഗഡു ഡി.എ. അനുവദിക്കുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. കേന്ദ്ര 4–ാം ശമ്പളക്കമ്മീഷൻ ഈ ഫോർമുലയിൽ മാറ്റം വരുത്തി. 12 മാസത്തെ ശരാശരി ജീവിത വിലസൂചിക വർധനവിന് ആനുപാതികമായി 6 മാസത്തിൽ ഒരിക്കൽ ക്ഷാമബത്ത വർധിപ്പിക്കുന്നതിനുള്ള ഒരു ഫോർമുലയാണ് നാലാം ശമ്പളകമ്മീഷൻ അംഗീകരിച്ചത്. ഇങ്ങനെ ഡി.എ. അനുവദിക്കുമ്പോൾ 3500 രൂപ വരെ അടിസ്ഥാന ശമ്പളമുള്ളവർക്ക് പൂർണ്ണ സമീകരണം നൽകാനും 3500 നും 6500 നും ഇടയ്ക്ക് ശമ്പളം പറ്റുന്നവർക്ക് 75% സമീകരണം നൽകുന്നതിനും 6500നു മുകളിൽ ശമ്പളം ലഭിക്കുന്നവർക്ക് 65% സമീകരണം നൽകാനും വ്യവസ്ഥ ചെയ്തു. ജീവിത വിലസൂചിക (1960–100) 1.1.1986 ന് 608 ആയിരുന്നു. ആ വില സൂചികയ്ക്കുള്ള ശമ്പളമാണ് 4–ാം ശമ്പളകമ്മീഷൻ ശുപാർശ ചെയ്തത്. 1.7.86 മുതൽ 30.6.87 വരെയുള്ള കാലയളവിലെ ശരാശരി ജീവിതവിലസൂചിക വർധനവ് 60.8 ആണെന്നു കരുതുക. അതായത് 1.7.87ലെ ജീവിത വിലസൂചിക 668.8 ആയി എന്നർത്ഥം. ഇതിന് 3500 രൂപവരെ ശമ്പളമുള്ളവർക്ക് 10 ശതമാനം (60.8 x 100/608 = 10) ഡി.എ. വർധനവ് 1.7.1987 മുതൽ നൽകും. ഇങ്ങനെ ശതമാനം കണക്കാക്കുമ്പോൾ ഭിന്നസംഖ്യ വരികയാണെങ്കിൽ അത് ഉപേക്ഷിക്കും. 0.9 ആണെങ്കിൽ അതുപോലും കണക്കിലെടുക്കുകയില്ല. പക്ഷെ ഈ ഭിന്നസംഖ്യ അടുത്ത ഡി.എയ്ക്ക് പരിഗണിക്കും.

1.1.1996 ൽ ജീവിത വിലസൂചിക (1960–100) 1510 ആയി. അതിനുള്ള ശമ്പളമാണ് 5–ാം ശമ്പളകമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. പിന്നീട് ഡി.എ. കണക്കാക്കുന്നതിന് പഴയ ഫോർമുല തുടരുമെന്നാണ് 5–ാം ശമ്പളക്കമ്മീഷൻ തീരുമാനിച്ചത്. അതായത് 12 മാസത്തെ ജീവിത വിലസൂചിക വർധനവ് 1510ന്റെ എത്ര ശതമാനമാണോ അതായിരിക്കും തുടർന്നു ലഭിക്കുന്ന ക്ഷാമബത്ത.

1.1.96 മുതൽ 31.12.96 വരെയുള്ള ശരാശരി ജീവിത വിലസൂചിക വർധനവ് 136 പോയിന്റാണ്. (1.1.1997 ലെ ജീവിത വിലസൂചിക 1646) നൂറ്റിമുപ്പത്തിയാറ്, 1510ന്റെ 8.97% ആണ്. ഭിന്നം ഉപേക്ഷിച്ച് 8% ഡി.എ. നൽകി. സംസ്ഥാന ജീവനക്കാരുടെ ശമ്പളം 608 പോയിന്റിനുള്ളതാണ്. അതുകൊണ്ട് 1.7.97 മുതൽ 170 ശതമാനം ഡി.എ. നൽകി.

1.1.1996 മുതൽ ജീവിത വില സൂചികയുടെ അടിസ്ഥാന വർഷം 1982 ആയി മാറ്റിക്കൊണ്ട് തീരുമാനം എടുത്തിട്ടുണ്ട്. 1960 അടിസ്ഥാനവർഷമായി കണക്കാക്കി, 1.1.96ന് നിലവിലുണ്ടായിരുന്ന സൂചിക 1510, 1982 ലേയ്ക്കു മാറ്റുമ്പോൾ 306.33 ആകും. 5–ാം ശമ്പള പരിഷ്കരണത്തിനുശേഷം കേന്ദ്രത്തിൽ നൽകിയ ഡി.എയുടെ പട്ടിക താഴെ ചേർക്കുന്നു.

| കാലയളവ് | 12മാസത്തെ ശരാശരി സൂചിക (1982) | വർധനവ് ശതമാനത്തിൽ | നൽകിയ ഡി.എ. |
|---|---|---|---|
| 1.1.96 | 306.33 | – | – |
| 1.7.96 | 319.76 | 4.38 | 4% |
| 1.1.97 | 333.83 | 8.97 | 8% |
| 1.7.97 | 348.58 | 13.79 | 13% |
| 1.1.98 | 357.75 | 16.78 | 16% |

1982 അടിസ്ഥാനവർഷമായുള്ള ജീവിത വിലസൂചികയെ 4.929 കൊണ്ട് ഗുണിച്ചാൽ 1960 അടിസ്ഥാന വർഷമായുള്ള ജീവിത വിലസൂചിക ലഭിക്കും.

1.1.1986 മുതൽ 3500 രൂപയ്ക്കു മുകളിൽ ശമ്പളം വാങ്ങിയിരുന്ന കേന്ദ്ര ജീവനക്കാർക്ക് പൂർണ്ണ സമീകരണം നൽകിയിരുന്നില്ലല്ലോ? ആ നഷ്ടം കൂടി പരിഹരിക്കത്തക്കവിധത്തിലാണ് 5–ാം ശമ്പള പരിഷ്കരണം നടത്തിയിരിക്കുന്നത്. ഈ വിഭാഗത്തിന് ഭാവിയിലും പൂർണ്ണസമീകരണം ലഭിക്കും. ഉയർന്ന ശമ്പളം പറ്റുന്നവരും താഴ്ന്ന ശമ്പളം പറ്റുന്നവരും തമ്മിൽ ഡി.എ.യുടെ കാര്യത്തിൽ ഒരു വ്യത്യാസവും 1.1.96 മുതൽ ഇല്ല.



# സമരവേദി

# 1998

## ഡിസംബർ

കെ.എസ്.ഇ.ബി. സ്റ്റാഫ് അസോസിയേഷൻ പ്രസിദ്ധീകരണം

പുസ്തകം 9 ലക്കം 31

എഡിറ്റോറിയൽ ബോർഡ്

- സി.ബി.സി. വാര്യർ
- ജി. തോമസ് പണിക്കർ
- വിജയ്മാധവൻ
- ടി.എൻ. വേണുഗോപാലൻ

മുഖചിത്രം : അമർത്യസെൻ

ചിത്രീകരണം : ആർ. സന്തോഷ് കുമാർ, തിരുവനന്തപുരം മെയിൻ

## ഉള്ളടക്കം

5
ഡിസംബർ 11ലെ അഖിലേന്ത്യ പണിമുടക്ക് വിജയിപ്പിക്കുക
തോമസ് പണിക്കർ

7
മാധ്യമങ്ങളുടെ അവകാശങ്ങളും കടമകളും
വോൾസോയിങ്ക

9
അമർത്യകുമാർ സെൻ

11
ദരിദ്രരുടെ അർത്ഥശാസ്ത്രത്തിന് അംഗീകാരം
കെ. മോഹനൻ

13
ട്രേഡ് യൂണിയനുകളും തൊഴിലില്ലായ്മയും
ജയതിഘോഷ്

14
വിപ്ലവസാഹിത്യകാരന് നൊബേൽ സമ്മാനം

15
ഒരു ഏപ്രിൽ സന്ധ്യയുടെ മുറിവ്
സി. സോമൻ

17
മനുഷ്യാവകാശങ്ങളുടെ രക്ഷകൻ
ഡോ. സെബാസ്റ്റ്യൻ പോൾ

19
ജില്ലാസമ്മേളനങ്ങൾ

21
ഐ.സി.എച്ച്. ആറിന്റെ വർഗ്ഗീയവത്ക്കരണം

22
മാനേജ്മെന്റ് പ്രൊപ്പോസലും ശമ്പളപരിഷ്ക്കരണപ്പനിയും
ടി.എൻ. വേണുഗോപാലൻ

23
പാവങ്ങളുടെ അമ്മ

24
മതിലേറിക്കന്നിയും യൂറോപ്യൻ ക്ലോസെറ്റും

ജനറൽ സെക്രട്ടറിയുടെ കത്ത്

# എന്തുകൊണ്ട് സൂചനപണിമുടക്ക് മാറ്റിവെച്ചു?

സഖാക്കളെ,

KSFEയിൽ 1.8.97 മുതൽ പുതിയ ശമ്പളക്കരാർ നിലവിൽ വരേണ്ടതായിട്ടുണ്ട്. ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നടപടികൾ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ശമ്പളപരിഷ്കരണ ചർച്ചകൾ അടിയന്തിരമായി നടത്തണമെന്ന് നിരവധി തവണ സ്റ്റാഫ് അസോസിയേഷൻ മാനേജ്മെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ നടന്ന ചർച്ചകളാവട്ടെ വേണ്ടത്ര ഫലപ്രദമായിരുന്നില്ല. മാനേജ്മെന്റിന്റെ ഉത്തരവാദരാഹിത്യത്തിലും അലംഭാവത്തിലും പ്രതിഷേധിച്ചുകൊണ്ട് അസോസിയേഷൻ പ്രക്ഷോഭപരിപാടികൾക്ക് രൂപം നൽകി. അതിന് ആരംഭം കുറിച്ചുകൊണ്ട് 13.7.98ന് ഹെഡ്ഓഫീസിനും റീജനൽ ഓഫീസുകൾക്കും മുമ്പിൽ വമ്പിച്ചകൂട്ടധർണ്ണകൾ സംഘടിപ്പിച്ചു. അതിന്റെ ഫലമായി ശമ്പള പരിഷ്കരണ ചർച്ചയിൽ നേരിയ പുരോഗതി ഉണ്ടായി. എന്നാൽ ചർച്ച അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന മാനേജ്മെന്റിന്റെ നിലപാടിൽ വലിയ മാറ്റം ഉണ്ടായില്ല.

ഈ സാഹചര്യത്തിൽ 1998 ഒക്ടോബർ 16ന് ചേർന്ന സംസ്ഥാന കമ്മിറ്റി നവംബർ 18ന് സൂചന പണിമുടക്ക് നടത്തുവാനും ഡിസംബർ 1 മുതൽ അധികജോലി ബഹിഷ്ക്കരിക്കാനും തീരുമാനിച്ചു. ഇതേയവസരത്തിൽ തന്നെ ഓഫീസേഴ്സ് യൂണിയന്റെ സംസ്ഥാന കമ്മിറ്റിയോഗം നവംബർ 18ന് സൂചന പണിമുടക്കിനും നവംബർ 1 മുതൽ അധികജോലി ബഹിഷ്കരിക്കാനും തീരുമാനമെടുത്തു. ഇതിന്റെയടിസ്ഥാനത്തിൽ ഡിസംബർ ഒന്നു മുതൽ അധികജോലി ബഹിഷ്കരിക്കാനുള്ള നമ്മുടെ തീരുമാനം നവംബർ 1 മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഗവണ്മെന്റ് സർവ്വീസിൽ നവംബർ മാസം ശമ്പളപരിഷ്കരണം പ്രഖ്യാപിക്കുമെന്നും ഡിസംബർ മാസത്തിലെ ശമ്പളത്തിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്യുമെന്നും പ്രഖ്യാപിച്ചിരിക്കെ കക്ഷിരാഷ്ട്രീയ താത്പര്യസംരക്ഷണത്തിനുവേണ്ടി ഒരു വിഭാഗം ജീവനക്കാർ നവം. 18 മുതൽ അനിശ്ചിതകാല പണിമുടക്കിന് ആഹ്വാനം നൽകിയിരുന്നു. അതുകൊണ്ട് ഒക്ടോബർ 24ന് ചേർന്ന KSFESA-KSFEOU കോ-ഓർഡിനേഷൻ കമ്മിറ്റി നവംബർ 18-ലെ പ്രഖ്യാപിത പണിമുടക്ക് നവം. 20 ലേക്ക് മാറ്റി നിശ്ചയിച്ചു.

നവംബർ 12ന് നടത്തിയ പെൻഷൻ ചർച്ചയിലും മാനേജ്മെന്റിന്റെ സമീപനം ക്രിയാത്മകമല്ലാത്ത സാഹചര്യത്തിൽ പണിമുടക്കുമായി മുമ്പോട്ടുപോകാൻ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചു. എല്ലാജില്ലകളിലും കൺവെൻഷനുകൾ ചേർന്ന് സമരം വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. ഇതിനിടയിൽ നവംബർ 17ന് മാനേജ്മെന്റ് ചർച്ച വിളിച്ചു. ചർച്ച പൂർണ്ണമായും പ്രഹസനമായിരുന്നു. ഈ ചർച്ചയിൽ ചെയർമാൻ പങ്കെടുക്കുകയുണ്ടായില്ല, മാത്രമല്ല മാനേജ്മെന്റിന്റെയോ ഗവണ്മെന്റിന്റെയോ ഭാഗത്തുനിന്നും ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ഒരുറപ്പും ലഭിക്കുകയുണ്ടായില്ല. നവംബർ 25ന് ശമ്പളസ്കെയിലുകളുടെ മാനേജ്മെന്റ് നിർദ്ദേശങ്ങൾ നൽകാമെന്നും നവംബർ 30ന് ചർച്ച നടത്താമെന്നും പറഞ്ഞ് മാനേജ്മെന്റ് ചർച്ച അവസാനിപ്പിച്ചു. തുടർന്ന് കോ-ഓർഡിനേഷൻ കമ്മിറ്റി ചേർന്നു. ചർച്ചയിൽ യാതൊരു ഉറപ്പും ലഭിക്കാത്ത സാഹചര്യത്തിൽ സമരത്തിൽ ഉറച്ചു നിൽക്കുവാൻ സ്റ്റാഫ് അസോസിയേഷൻ തീരുമാനിച്ചു. 17-ാം തിയ്യതിയിലെ ചർച്ചകൊണ്ട് യാതൊരു പുരോഗതിയുമുണ്ടായില്ലെന്ന് വിലയിരുത്തിയിട്ടും സർക്കാരിനെ പിണക്കിക്കൊണ്ട് ഒരു സമരത്തിന് തങ്ങളില്ല എന്ന് പറഞ്ഞ് ഓഫീസേഴ്സ് യൂണിയൻ സമരത്തിൽ നിന്നും പിന്മാറി.

നമ്മൾ പണിമുടക്കിൽ ഉറച്ചു നിൽക്കുകയാണെന്ന് മനസ്സിലാക്കിയപ്പോൾ ഗവണ്മെന്റ് പ്രശ്നം വളരെ ഗൗരവമായി എടുത്തു. ചെയർമാനോടും ധനമന്ത്രിയോടും പ്രശ്നം സമയബന്ധിതമായി പരിഹരിക്കണമെന്ന് ഉത്തരവാദപ്പെട്ടവർ നിർദ്ദേശിച്ചു. 19-ാം തിയ്യതി ഉച്ചയ്ക്കുശേഷം ധനകാര്യമന്ത്രിയും, മറ്റ് ഉത്തരവാദപ്പെട്ടവരും KSFE ജീവനക്കാരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കാമെന്ന തീരുമാനം നമ്മെ അറിയിച്ചു. സംസ്ഥാനഗവണ്മെന്റ് ജീവനക്കാരുടെ ശമ്പളപരിഷ്കരണം യഥാസമയം കമ്മീഷനെ വച്ച്, എല്ലാം സംഘടനകളുമായി ചർച്ചചെയ്ത് നടപ്പിലാക്കിയ ഈ ഗവണ്മെന്റിന്റെ ഉത്തരവാദപ്പെട്ടവർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അസോസിയേഷന്റെ സംസ്ഥാന സെക്രട്ടറിയറ്റ് പുതിയ സാഹചര്യം വിലയിരുത്തി പണിമുടക്ക് മാറ്റിവെയ്ക്കുവാൻ തീരുമാനിച്ചു. സ്റ്റാഫ് അസോസിയേഷൻ സ്വീകരിച്ച ശക്തമായ നിലപാട് ഒന്നുകൊണ്ട് മാത്രമാണ് ഈ പ്രശ്നം ഗവണ്മെന്റിന്റെ വളരെ ഗൗരവമായ പരിഗണനയിൽ വന്നത്. വാശിയോടെ പണിമുടക്ക് നടത്താനുള്ള നിർബന്ധബുദ്ധിയോടെയല്ല സൂചനാ പണിമുടക്കുകൾ പ്രഖ്യാപിക്കപ്പെടുന്നത് മറിച്ച് പണിമുടക്കിനാധാരമായ പ്രശ്നം ഉത്തരവാദപ്പെട്ടവരുടെ സജീവ ശ്രദ്ധയിൽ കൊണ്ടുവരിക എന്നതിനുവേണ്ടിയാണ്. ഈ ധർമ്മം പൂർണ്ണമായി നിറവേറ്റുന്നതിന് നമ്മുടെ മാറ്റിവെയ്ക്കപ്പെട്ട പണിമുടക്ക് കൊണ്ട് കഴിഞ്ഞു.

അഭിവാദനങ്ങളോടെ

ജി.തോമസ് പണിക്കർ
ജന. സെക്രട്ടറി

തൃശൂർ
ഡിസംബർ 1

# ഡിസംബർ 11ലെ അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കുക

**ജി.തോമസ് പണിക്കർ**

1990കളിൽ കേന്ദ്ര ഭരണാധികാരികൾ ആരംഭിച്ച ആഗോളവൽക്കരണത്തിലും ഉദാരവൽക്കരണത്തിലും അധിഷ്ഠിതമായ പുത്തൻ സാമ്പത്തികനയം ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയെ തകർത്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ അധികാരത്തിലിരിക്കുന്ന ബി.ജെ.പി. ഗവണ്മെന്റ് പുത്തൻ സാമ്പത്തികനയം പൂർവ്വാധികം ശക്തിയോടെ നടപ്പാക്കുകയാണ്. ഇതിനെതിരെയുള്ള ജനകീയ പ്രക്ഷോഭങ്ങളെ ഗവണ്മെന്റ് കണക്കിലെടുക്കാതെ സാമ്രാജ്യത്വ ശക്തികളുമായി നിർലജ്ജം കൈകോർക്കുകയാണ്. ഐ.എം.എഫിന്റെയും ലോകബാങ്കിന്റെയും നിർദ്ദേശങ്ങൾ അപ്പാടെ അനുസരിച്ച് രാജ്യത്തെ സാമ്രാജ്യത്വത്തിന് തീറെഴുതിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി നാണയപ്പെരുപ്പം ക്രമാതീതമായി വർദ്ധിക്കുകയും രൂപയുടെ വിനിമയ നിരക്ക് അപകടകരമായ വിധത്തിൽ ഇടിയുകയും അവശ്യ സാധനങ്ങളുടെ വില വാണം പോലെ കുതിച്ചുകയറുകയും ചെയ്യുന്നു. വിലക്കയറ്റം കൊണ്ട് സാധാരണ ജനങ്ങൾ പൊറുതിമുട്ടുകയും രാജ്യത്തിന്റെ സാമ്പത്തിക സ്ഥിരത തകരുകയും ചെയ്യുന്നു. കമ്പോളത്തിൽ ഇടപെട്ട്, പൊതുവിതരണം ശക്തിപ്പെടുത്തി വിലകൾ പിടിച്ചു നിർത്താനുള്ള യാതൊരു ശ്രമവും ഗവണ്മെന്റ് നടത്തുന്നില്ല. സവാളയുടെയും ഉള്ളിയുടെയും ഉരുളക്കിഴങ്ങിന്റെയും മറ്റും വിലകൾ ചരിത്രത്തിലൊരിക്കലുമുണ്ടാകാത്ത വിധത്തിൽ കുതിച്ചുകയറിയപ്പോൾ നിഷ്ക്രിയരായി നോക്കി നിൽക്കുവാനേ ഗവണ്മെന്റിന് കഴിഞ്ഞുള്ളൂ.

സമ്പദ്ഘടന എല്ലാ രംഗങ്ങളിലും തകർച്ചയെ നേരിടുകയാണ്. രോഗഗ്രസ്ത വ്യവസായ യൂണിറ്റുകളുടെ എണ്ണം പെരുകിക്കൊണ്ടിരിക്കുന്നു. ഉദാരവത്കരണത്തിന്റെ മറവിൽ ഇന്ത്യൻ കമ്പോളം പിടിച്ചടക്കാനും ആധിപത്യമുറപ്പിക്കാനും ബഹുരാഷ്ട്ര കുത്തകകൾ മത്സരിക്കുകയാണ്. 90 കോടി ജനങ്ങൾ അധിവസിക്കുന്ന ഒരു രാജ്യത്ത് താവളമുറപ്പിക്കാനും കമ്പോളം കൈയടക്കി തങ്ങളുടെ ആധിപത്യം സ്ഥാപിക്കാനുമുള്ള സുവർണ്ണാവസരം ബഹുരാഷ്ട്ര കമ്പനികൾക്ക് ലഭിച്ചിരിക്കുന്നു.

പൊതുമേഖലയെ തകർക്കുന്ന നടപടികൾക്ക് ബി.ജെ.പി. ഗവണ്മെന്റ് ആക്കം കൂട്ടിയിരിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുകയും രോഗഗ്രസ്ത വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ കുറഞ്ഞവിലയ്ക്ക് ബഹുരാഷ്ട്ര കുത്തകകൾക്ക് വിറ്റഴിക്കുകയോ ചെയ്യുന്നു. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ 74% ഓഹരികളും വിൽക്കുന്നതിനുള്ള പ്രഖ്യാപനം വന്നുകഴിഞ്ഞു. എച്ച്.എം.ടി, സ്കൂട്ടേഴ്സ് ഇന്ത്യ, ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ തുടങ്ങി ഇരുപതോളം കമ്പനികളുടെ ഓഹരികൾ വിൽപ്പനക്ക് വച്ചുകഴിഞ്ഞു.

പല പൊതുമേഖലാ സ്ഥാപനങ്ങളിലെയും തൊഴിലാളികളെ 'റിട്ടയർമെന്റ് പദ്ധതി' വഴി പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. മറ്റു പല സ്ഥാപനങ്ങളിലും തൊഴിലാളികൾക്ക് മാസങ്ങളോളമായി ശമ്പളം നൽകുന്നില്ല. കാലഹരണപ്പെട്ട ശമ്പളക്കരാർ പുതുക്കാതിരിക്കുക, യഥാസമയം ക്ഷാമബത്ത അനുവദിക്കാതിരിക്കുക തുടങ്ങിയ നടപടികളും തുടർന്നുകൊണ്ടിരിക്കുന്നു. കേന്ദ്ര സർക്കാരും പല സംസ്ഥാന ഗവണ്മെന്റുകളും നിരവധി തൊഴിലാളികളെ പിരിച്ചുവിടാൻ നടപടികൾ എടുത്തുവരികയാണ്. വ്യാപാര-വ്യവസായ മേഖലകളിൽ നിന്ന് ഗവണ്മെന്റ് പിൻവാങ്ങി അവ പൂർണ്ണമായി സ്വകാര്യവത്കരിക്കാനുള്ള നടപടികൾ ശക്തിയായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ബി.ജെ.പി.യുടെ സ്വദേശി മുദ്രാവാക്യത്തിന്റെ പൊള്ളത്തരവും വെളിവായിരിക്കുന്നു. ഗാട്ടുകരാറിനെ ശക്തമായി എതിർത്തിരുന്ന അവർ, അധികാരം ലഭിച്ചപ്പോൾ സാമ്രാജ്യത്വത്തിന്റെ ആരാധകരായി മാറി. WTOവിന്റെ നിർദ്ദേശങ്ങൾക്കുവഴങ്ങി പേറ്റന്റ് നിയമം ഭേദഗതി ചെയ്യാനും തയ്യാറായിരിക്കുന്നു. ഇത് ഇന്ത്യൻ കാർഷികമേഖലയെയും ഔഷധ നിർമ്മാണ മേഖലയെയും തകർക്കും.

വിലക്കയറ്റവും ദാരിദ്ര്യവും പട്ടിണിയും മൂലം ജനങ്ങളുടെ ജീവിതനിലവാരം തകർന്നുകൊണ്ടിരിക്കുമ്പോൾ, ഇവയിൽ നിന്നെല്ലാം ജനശ്രദ്ധ തിരിച്ചുവിട്ട് കപടദേശീയ വികാരം കുത്തിയുണർത്താൻ ഗവണ്മെന്റ് ശ്രമിക്കുന്നു. പൊഖ്രാനിൽ നടത്തിയ അണുസ്ഫോടനം ഇതിനുദാഹരണമാണ്. ഐക്യമുന്നണി ഗവണ്മെന്റിന്റെ ഭരണകാലത്ത് നല്ല നിലയിലേക്ക് എത്തിച്ചിരുന്ന അയൽരാജ്യങ്ങളുമായുള്ള ബന്ധം ശിഥിലമാക്കാൻ ഇതിടയാക്കി. പ്രതിരോധ ഗവേഷണ മേഖലയെപ്പോലും സ്വകാര്യമേഖലക്കു തുറന്നുകൊടുത്തു. അണുപരീക്ഷണ വ്യാപന നിരോധനക്കരാറിന്റെ (CTBT) യും മറ്റും കാര്യത്തിൽ അമേരിക്കൻ താത്പര്യത്തിന് കീഴടങ്ങുകയാണ്.

കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും പ്രശ്നങ്ങളോട് തികച്ചും നിഷേധാത്മകമായ സമീപനമാണ് ഈ ഗവണ്മെന്റിന്റേത്. സമഗ്രമായ കാർഷിക പരിഷ്കരണം നടപ്പിലാക്കുന്നതിന് ഗവണ്മെന്റ് തയ്യാറല്ല. സബ്സിഡികൾ വെട്ടിക്കുറച്ച് കൃഷിയെ തകർക്കുന്നു. ഉൽപന്നങ്ങളുടെ വിലയിടിവുമൂലം രാജ്യത്ത് കർഷകർ ആത്മഹത്യ ചെയ്യുന്നു. കർഷകത്തൊഴിലാളികൾക്ക് മിനിമം വേതനം ഇന്നും മരീചികയായി അവശേഷിക്കുന്നു.

വനിതാസംവരണ ബിൽ അട്ടിമറിക്കാൻ ഈ ഗവണ്മെന്റ് കൂട്ടുനിന്നു. വനിതകൾക്ക് തൊഴിൽ സംരക്ഷ

(ശേഷം 10-ാം പേജിൽ)

# അഖിലേന്ത്യപണിമുടക്ക് - ആവശ്യങ്ങൾ

1. പുത്തൻ സാമ്പത്തിക വ്യവസായ നയം പിൻവലിക്കുക. ഐ.എം.എഫ്. - ലോക ബാങ്ക് പദ്ധതിയും പേറ്റന്റ് നിയമഭേദഗതിയും പിൻവലിക്കുക.
2. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ യാതൊരു തടസ്സവുമില്ലാതെ ബഹുരാഷ്ട്രകമ്പനികൾ കടന്നുകയറുന്നത് തടയുക.
3. സ്വകാര്യവത്കരണം, നിക്ഷേപം പിൻവലിക്കൽ, കേന്ദ്ര-സംസ്ഥാന പൊതുമേഖല യൂണിറ്റുകളുടെയും ഗവണ്മെന്റ് ഡിപ്പാർട്ടുമെന്റൽ ജോലികളുടെയും കോർപ്പറേഷൻവത്കരണം എന്നിവ നിർത്തിവെക്കുക. ടെലികോം, ഇൻഷുറൻസ്, ധനകാര്യമേഖല തുടങ്ങിയവയുടെ സ്വകാര്യവത്കരണം വേണ്ടെന്നുവയ്ക്കുക.
4. അടച്ചിട്ട വ്യവസായ യൂണിറ്റുകൾ തുറക്കുക, പീഡിതയൂണിറ്റുകൾ പുനരുദ്ധരിക്കുക, അതിനാവശ്യമായ പണം അടിയന്തിരമായി വകയിരുത്തുക.
5. ഇന്ത്യയുടെ ചെറുകിട-പരമ്പരാഗത വ്യവസായങ്ങൾക്ക് സംരക്ഷണം നൽകുക
6. വിലക്കയറ്റവും പണപ്പെരുപ്പവും നിയന്ത്രിക്കുക.
7. പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുക, സാമ്പത്തികമായി ദുർബലരായ ജനവിഭാഗങ്ങൾക്ക് കുറഞ്ഞ വിലക്ക്, മതിയായ അളവിൽ, ഗുണനിലവാരമുള്ള അവശ്യസാധനങ്ങൾ വിതരണം ചെയ്യുക.
8. അവശ്യസാധനനിയമം വീണ്ടും കൊണ്ടുവരിക. പൂഴ്ത്തിവയ്പുകാർക്കും കരിഞ്ചന്തക്കാർക്കുമെതിരെ കർശന നടപടികൾ കൈക്കൊള്ളുക.
9. ശരിയായ ഭൂപരിഷ്കരണം നടപ്പിലാക്കാനും പരിധിനിർണയനിയമത്തിലെ വിടവുകളടക്കാനും മിച്ചഭൂമിയും ബിനാമി ഭൂമിയും ഭൂരഹിതർക്കിടയിൽ വിതരണം ചെയ്യാനും അടിയന്തിര നടപടികൾ എടുക്കുക. കർഷകതൊഴിലാളികൾക്ക് വീടുവയ്ക്കാനുള്ള സ്ഥലം സൗജന്യമായി നൽകുക. ഭൂപ്രമാണങ്ങൾ അപ്ഡേറ്റ് ചെയ്യുക. പാട്ടക്കാരെ സംരക്ഷിക്കുക.
10. കൃഷിക്കാവശ്യമായ സൗകര്യങ്ങളുടെ വികസനത്തിനും ഗവേഷണത്തിനും ജലസേചനത്തിനുമുള്ള പൊതുനിക്ഷേപം വർദ്ധിപ്പിക്കുക. കാർഷിക വായ്പ ലഭ്യത ഉറപ്പാക്കുക. മാർക്കറ്റിങ്ങ് സൗകര്യവും ആദായവിലയും സമഗ്രമായ വിള ഇൻഷുറൻസും ഉറപ്പാക്കുക.
11. സമഗ്രമായ കേന്ദ്രകർഷകത്തൊഴിലാളി ബിൽ കൊണ്ടുവരിക.
12. തൊഴിൽ ഭരണഘടനയിലെ മൗലികാവകാശമാക്കുക. തൊഴിലില്ലായ്മ വേതനം നൽകുമെന്ന് ഉറപ്പുവരുത്തുക.
13. റിക്രൂട്ട്മെന്റിന്മേലുള്ള നിരോധനം പിൻവലിക്കുക. റിട്ടയർമെന്റ് പ്രായം 58 വയസ്സായി പുനഃസ്ഥാപിക്കുക. ഒഴിവുള്ള എല്ലാ തസ്തികകളും നികത്തുക.
14. എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പാക്കുക. സൗജന്യവും നിർബന്ധിതവുമായ പ്രൈമറി വിദ്യാഭ്യാസം ഉറപ്പുവരുത്തുക. വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണം തടയുക. ഫീസ് വർദ്ധനവ് പിൻവലിക്കുക. ബഡ്ജറ്റിൽ വിദ്യാഭ്യാസത്തിന് 10% വകയിരുത്തുക.
15. സ്ത്രീകൾക്ക് 33% സീറ്റ് സംവരണം ചെയ്യുന്ന ബിൽ അംഗീകരിക്കുക. സ്വത്തിൽ സ്ത്രീകൾക്ക് തുല്യാവകാശം ഉറപ്പാക്കുക. ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ പട്ടയം ഉറപ്പുവരുത്തുക. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുക. തൊഴിൽ സ്ഥലങ്ങളിലെ ലൈംഗീക പീഢനം അവസാനിപ്പിക്കുക.
16. കുട്ടികളെകൊണ്ട് ജോലി ചെയ്യുന്നത് അവസാനിപ്പിക്കുക.
17. ദളിതരുടെയും ഗിരിവർഗ്ഗക്കാരുടെയും അവകാശങ്ങൾ ഉറപ്പുവരുത്തുക. അവർക്കെതിരായ അതിക്രമങ്ങളിൽ കർശന നടപടികൾ എടുക്കുക. പട്ടികജാതി/പട്ടികവർഗ്ഗ സംവരണ ഒഴിവുകൾ പൂർണ്ണമായും നികത്തുക.
18. രഹസ്യബാലറ്റിലൂടെ ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്ന നിയമം ഉടനെ പാസ്സാക്കുക.
19. ദാരിദ്ര്യരേഖക്കു മുകളിൽ വരത്തക്കവിധം മിനിമം വേതനം ഉറപ്പാക്കുക. മിനിമം വേതനത്തെ വിലസൂചികയുമായി ബന്ധപ്പെടുത്തുക. കാലാകാലങ്ങളിൽ മിനിമം വേതനം പുതുക്കുക. മിനിമം വേതനനിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുക. തൊഴിൽ നിയമങ്ങളും സാമൂഹ്യസുരക്ഷിതത്വപദ്ധതികളും അസംഘടിതമേഖലയിലേക്കും വീടുകളിൽവെച്ച് ജോലിചെയ്യുന്ന തൊഴിലാളികളിലേക്കും വ്യാപിപ്പിക്കുക.
20. പ്രത്യക്ഷനികുതി വർദ്ധിപ്പിക്കുക. കോർപ്പറേറ്റ് മേഖലക്കും ഗ്രാമീണ ധനികർക്കും നികുതി ചുമത്തുക. പരോക്ഷനികുതി കുറക്കുക, പാവപ്പെട്ടവർക്ക് ആശ്വാസം നൽകുക.
21. മതനിരപേക്ഷ മൂല്യങ്ങൾ, സ്ത്രീകളുടെ അന്തസ്സ് എന്നിവയെ ലംഘിക്കുന്നതും കുറ്റകൃത്യങ്ങളെയും അക്രമങ്ങളെയും മഹത്വവൽക്കരിക്കുന്നതുമായ എല്ലാമാധ്യമ-സാംസ്കാരിക പരിപാടികളും നിയന്ത്രിക്കുക.
22. അണുവായുധ വൽക്കരണത്തിന് അറുതിവരുത്തുക. ആയുധപ്പന്തയം അവസാനിപ്പിക്കുക. സി.ടി.ബി.ടി., എൻ.പി.ടി. എന്നിവയിൽ ഒപ്പുവയ്ക്കാതിരിക്കുക.
23. അഴിമതിക്കാർക്കെതിരെ പ്രത്യേകിച്ചും പൊതുസ്ഥാപനങ്ങളിൽ ജോലി നോക്കുകയോ സ്ഥാനം വഹിക്കുകയോ ചെയ്യുന്ന അഴിമതിക്കാർക്കെതിരെ കർശനനടപടികൾ എടുക്കുക.
24. ശ്രീകൃഷ്ണ കമ്മീഷൻ റിപ്പോർട്ട് കുറ്റപ്പെടുത്തിയ മുഴുവൻ പേരെയും അറസ്റ്റ് ചെയ്ത് ശിക്ഷിക്കുക. മഹാരാഷ്ട്ര ഗവണ്മെന്റ് രാജിവെയ്ക്കുക

# മാധ്യമങ്ങളുടെ അവകാശങ്ങളും കടമകളും

വോൾസോയിങ്ക

ഒരു സാമാന്യോക്തിയോടുകൂടി ഞാൻ ആരംഭിക്കാം. ഏകാധിപത്യ രാജ്യങ്ങളിലൊഴികെ വാർത്തകൾ (Information) സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള മുഴുവൻ ഉപാധികളും കൈയടക്കി വച്ചിരിക്കുന്നതും നിയന്ത്രിക്കുന്നതും മാധ്യമങ്ങളാണ്. ഇതിനർത്ഥം തങ്ങൾ ആഗ്രഹിക്കുന്നത് മാത്രം ലോകത്തെ അറിയിക്കാനും മറ്റുള്ളവ മറച്ചുവെക്കുന്നതിനോ അവയിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടുന്നതിനോ ഉള്ള അധികാരം മാധ്യമങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു എന്നാണ്. ആവിഷ്ക്കാരസ്വാതന്ത്ര്യത്തിനുള്ള അവകാശം എന്ന മൗലികാവകാശം കൈകാര്യം ചെയ്തതിലൂടെ വളർത്തിയെടുത്തതാണ് ഈ അധികാരം. ഈ അവകാശം സുപ്രധാനവും വിലയേറിയതുമാണെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. മാധ്യമരംഗത്ത് പ്രവർത്തിച്ചവർ മാത്രം പൊരുതി നേടിയതല്ല ഈ അവകാശം. മുഴുവൻ മാനവസമൂഹത്തിന്റെയും പോരാട്ടത്തിന്റെ ഫലമാണ് ഈ നേട്ടം. അതുകൊണ്ട് ഈ അവകാശം മാനവസമൂഹത്തിന്റെ പേരിൽ നിങ്ങൾ സംരക്ഷിക്കുകയും കൈയ്യാളുകയും ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

**മോണിക്ക ലെവിൻസ്കിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് മാധ്യമങ്ങൾ ചിലവിട്ട സമയത്തിന്റെ നൂറിലൊരംശം ഉപയോഗിച്ചിരുന്നുവെങ്കിൽ ആഗോള പ്രാധാന്യമുള്ള ഒട്ടനവധി പ്രശ്നങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുമായിരുന്നു. ഞങ്ങളെപ്പോലെ ശബ്ദമില്ലാത്ത ആയിരങ്ങൾക്ക് ശബ്ദം നൽകുവാനും പോരാട്ടങ്ങളിലേർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ ആവശ്യങ്ങളിലേക്ക് ശ്രദ്ധയാകർഷിക്കുവാനും ഇത് സഹായിക്കുമായിരുന്നു.**

അവകാശം, യുക്തിചിന്ത, കടമകൾ എന്നീ മൂന്നു തത്വങ്ങൾ മാധ്യമങ്ങൾക്കായി ഞാൻ നിർദ്ദേശിക്കുന്നു. ഫ്രഞ്ചു വിപ്ലവഘട്ടത്തിൽ ഒന്നാം മനുഷ്യാവകാശ പ്രഖ്യാപനം ഉരുത്തിരിഞ്ഞുവന്നത് മനുഷ്യർ യുക്തിബോധമുള്ള മൃഗം എന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതിനെ അരക്കിട്ടുറപ്പിക്കുന്നതായിരുന്നു അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം. അതുകൊണ്ട് തന്നെ മനുഷ്യന്റെ ഈ മൗലികാവകാശം അടിസ്ഥാനമാക്കി ചെയ്യുന്ന ഏതു തൊഴിലിലും യുക്തിചിന്ത പ്രയോഗിക്കണമെന്ന് ആവശ്യപ്പെടാൻ നമുക്കവകാശമുണ്ട്. യുക്തിബോധം സത്യവും മിഥ്യയും തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നു. നേരും നുണയും കെട്ടുപിണഞ്ഞ് ആശയക്കുഴപ്പമുളവാക്കുന്ന സാഹചര്യങ്ങളിൽ കാര്യകാരണങ്ങൾ പരിശോധിച്ച് യാഥാർത്ഥ്യം കണ്ടെത്താനുള്ള കഴിവ് നാം കൈവരിക്കേണ്ടതായിട്ടുണ്ട്. അടുത്തത് കടമകളാണ്. കടമകളില്ലാതെ ലളിതമായി കൈവരിക്കാവുന്നവയല്ല അവകാശങ്ങൾ. ഒരു കൂട്ടർ അവകാശങ്ങളെക്കുറിച്ച് വാചാലരാവുകയും അവ ആസ്വദിക്കുകയും ചെയ്യുകയും മറ്റൊരു കൂട്ടർ അതിന്റെ വില നൽകേണ്ടിവരികയും ചെയ്യുമ്പോൾ സമൂഹത്തിന്റെ നിലനിൽപു തന്നെ തകിടം മറിയുന്നു. പത്രങ്ങൾ തങ്ങളുടെ ആവിഷ്കാരസ്വാതന്ത്ര്യം ചുമതലാബോധമില്ലാതെ പ്രയോഗിക്കുമ്പോൾ അതിന്റെ ഫലം ഞങ്ങളെപ്പോലുള്ളവർ അനുഭവിക്കേണ്ടി വരുന്നു എന്നെനിക്ക് തോന്നുന്നു. ഇതിന്റെ കൂടെ യുക്തിബോധത്തിന്റെ അഭാവംകൂടി ചേരുമ്പോൾ ഞങ്ങൾ അത്യഗാധമായ ദുരന്തത്തിലേക്ക് എടുത്തെറിയപ്പെടുന്നു. അതുകൊണ്ട് സന്തുലിതമായ വാർത്തകൾക്കായി യുക്തിബോധം പ്രയോഗിക്കേണ്ടതുണ്ട്.

ബഹുഭൂരിപക്ഷം ജനങ്ങളെപ്പോലെ ഞാനും ഉത്തമമായ വാർത്തകൾ വായിക്കുന്ന ഒരാളാണ്. എന്നാൽ ലോകത്തിലെ ഉന്നതരായ സ്ത്രീപുരുഷന്മാരെക്കുറിച്ചുള്ള ഗോസ്സിപ്പുകളോ അവരുടെ ചാപല്യങ്ങളെക്കുറിച്ചുള്ള വാർത്തകളോ കണ്ടാൽ അവ വായിക്കാതിരിക്കാനുള്ള ഔന്നത്യമൊന്നും എനിക്കില്ല. കൊളോസ്സസിന്റെ പാദങ്ങൾ വെള്ളത്തിൽ മുക്കി അവ മണൽപോലെ അലിഞ്ഞുപോകുമോ എന്ന് പരീക്ഷിക്കണമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ജനങ്ങൾ ദാനമായി നൽകിയതാണ് തങ്ങൾക്ക് ലഭിച്ച അധികാരമെന്ന്, അധികാരത്തിലിരിക്കുന്നവരെ കാലാകാലങ്ങളിൽ ഓർമ്മിപ്പിക്കുന്നത് ലോകത്തിന് ഗുണകരമായിരിക്കും. അധികാരത്തിന്റെ അങ്കി കുറച്ചുകാലം അണിഞ്ഞുകഴിയുമ്പോഴേക്കും ദൈവങ്ങളും അതിമാനുഷരും ആയി രൂപാന്തരം പ്രാപിക്കാതിരിക്കാൻ ഇത് അവരെ പ്രേരിപ്പിക്കും. അത്യാവശ്യ ഘട്ടങ്ങളിൽ രാജാവ് നഗ്നനായാണ് തെളിഞ്ഞുനടക്കുന്നത് എന്ന് ഉറക്കെപ്പറയുന്നത് നല്ലതാണ്. ലൈംഗികാപവാദങ്ങൾ പ്രചരിപ്പിച്ച് രസിക്കാനുള്ള അവകാശം മാധ്യമ വേതാളങ്ങൾക്കുണ്ട്. എന്നാൽ അതിന്റെ ദുരന്തഫലം അനുഭവിക്കുന്നത് മറ്റുള്ളവരാണ്. മോണിക്ക ലെവിൻസ്കിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് മാധ്യമങ്ങൾ ചിലവിട്ട സമയത്തിന്റെ നൂറിലൊരംശം ഉപയോഗിച്ചിരുന്നുവെങ്കിൽ ആഗോള പ്രാധാന്യമുള്ള ഒട്ടനവധി പ്രശ്നങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുമായിരുന്നു. ഞങ്ങളെപ്പോലെ ശബ്ദമില്ലാത്ത ആയിരങ്ങൾക്ക് ശബ്ദം നൽകുവാനും പോരാട്ടങ്ങളിലേർപ്പെട്ടിരിക്കുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ ആവശ്യങ്ങളിലേക്ക് ശ്രദ്ധയാകർഷിക്കുവാനും ഇത് സഹായിക്കുമായിരുന്നു. ലോകകാര്യങ്ങളിൽ മൂല്യവും മുൻഗണ

നാക്രമവും നിശ്ചയിക്കുന്നതിന് വ്യാജ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം ഇവിടെ നടക്കുന്നുണ്ട്. ഒരു പ്രസിഡണ്ടിന്റെ ലൈംഗിക ചാപല്യങ്ങൾ ആഗോളനിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടുവന്ന മാധ്യമങ്ങൾ ഗൗരവതരമായ മറ്റു പ്രശ്നങ്ങളിൽ പ്രതികരിക്കാനുള്ള ലോകത്തിന്റെ കഴിവിനെത്തന്നെ ചോർത്തിക്കളയുന്ന വഞ്ചനാപരമായ ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്.

മോണിക്ക ലെവിൻസ്കിയുടെ കേളികൾ മുൻപേജിൽ തന്നെ, ഇനം തിരിച്ച് അവതരിപ്പിച്ച നിങ്ങൾ ലോകമനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഈ അമ്പതാം വാർഷികവേളയിൽ ഇക്കാര്യത്തിൽ ലോകമെങ്ങുമുള്ള എണ്ണമറ്റ സംഘടനകൾ വഹിച്ച പങ്കിനെപ്പറ്റി അനുസ്മരിക്കാൻ എത്ര തുച്ഛമായ സ്ഥലമാണ് വിനിയോഗിച്ചതെന്ന് പരിശോധിക്കുക. ഈ പ്രഖ്യാപനത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്ക് എത്ര വലിയ പ്രചാരമാണ് നിങ്ങൾ നൽകുന്നത്? ആ രേഖയിൽ ഒപ്പുവെക്കുകയും തങ്ങളുടെ രാജ്യങ്ങളിൽ ശിലായുഗനീതി നടപ്പാക്കുകയും ചെയ്യുന്ന ഭരണാധികാരികൾ ഐക്യരാഷ്ട്ര സംഘടനയിലെ അംഗരാജ്യങ്ങളെ ധാർമ്മികമായി വഞ്ചിക്കുകയാണ്.

മോണിക്ക ലെവിൻസ്കിയുടെ പ്രശ്നത്തിൽ ഒരു മനുഷ്യജീവിയുടെ ലൈംഗികവൈകല്യങ്ങൾ അസ്വാഭാവികമായ ഒരു ആഗോളദുരന്തമെന്ന നിലയിൽ വലിച്ചുകെട്ടി നമ്മിൽ അടിച്ചേൽപ്പിക്കുകയായിരുന്നു.

മനുഷ്യാവകാശ ശത്രുക്കളെ ആഗോളതലത്തിൽ നിരസിക്കാനും അത്തരം ഭരണാധികാരികളുമായി അവിശുദ്ധ ബന്ധത്തിൽ ഏർപ്പെട്ടിട്ടുള്ളവരും എന്നാൽ അവരിൽ രാഷ്ട്രീയവും ധാർമ്മികവുമായ സമ്മർദ്ദങ്ങൾ ചെലുത്താൻ കഴിവുള്ളവരുമായ മറ്റു അംഗരാജ്യങ്ങളെ പ്രേരിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി മാധ്യമങ്ങൾ ഈ വർഷം സ്വയം സമർപ്പിക്കേണ്ടതായിരുന്നു. അമേരിക്കയുടേതായാലും മറ്റേതെങ്കിലും രാജ്യത്തിന്റേതായാലും അവർക്ക് നൈജീരിയൻ ഏകാധിപതി സാനി അബാച്ചയുമായുള്ള ബന്ധം ഞങ്ങളെ സംബന്ധിച്ചിടത്തോളം അധാർമ്മികമായ കൂട്ടുകെട്ടാണ്. ഇത് എതിർക്കപ്പെടേണ്ടതുമാണ്. പ്രസിഡണ്ടിന്റെ അടിവസ്ത്രത്തിന്റെ നിറമോ ലൈംഗിക ചാപല്യങ്ങളോ അല്ല പ്രശ്നങ്ങൾ. ഗാംബിയയിലും നൈജീരിയയിലും നിലനിന്നിരുന്ന ജനാധിപത്യ സംവിധാനങ്ങളെ അബാച്ച അട്ടിമറിച്ച് അവിടങ്ങളിൽ പട്ടാളത്തെ അവരോധിക്കുകയും ചെയ്തു. ലൈബീരിയയിൽ നടന്ന നീണ്ട യുദ്ധം ഇത്രയും സങ്കീർണ്ണമാക്കിയത് അബാച്ചയുടെ സൈന്യത്തിന്റെ പക്ഷപാതപരമായ നിലപാടുകളാണ്. സിയറോ ലിയോണിൽ നുഴഞ്ഞുകയറി നൈജീരിയ രാഷ്ട്രീയ കലാപത്തിന് കളമൊരുക്കി. അവിടെ ഇന്ന് തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റ് അധികാരത്തിലേറിയെങ്കിലും സിയറോ ലിയോൺ ഇപ്പോഴും നൈജീരിയയുടെ സാമന്തരാജ്യമായി തുടരുകയാണ്. മോണിക്ക പ്രശ്നങ്ങളെപ്പോലെ 'ഗൗരവതരമായ' പ്രശ്നങ്ങൾ ഏറ്റെടുക്കാൻ സമയം കണ്ടെത്തുന്ന മാധ്യമങ്ങൾ ഒരു മേഖലയുടെ സുസ്ഥിരതക്ക് തന്നെ ഭീഷണി ഉയർത്തുന്ന നൈജീരിയയുടെ പ്രവർത്തനങ്ങളെ 'പരിവർത്തന പദ്ധതി'യെന്നു മാത്രം പറഞ്ഞ് അവഗണിക്കുന്നു. അധികാരം ഉറപ്പിച്ചു നിർത്താനുള്ള ഒരു ഏകാധിപതിയുടെ വഞ്ചനാപരമായ നടപടികളെ എങ്ങിനെയാണ് മാധ്യമങ്ങൾക്ക് അംഗീകരിക്കാൻ കഴിയുക? ഞങ്ങൾ ഇത് നേരത്തെ ചൂണ്ടിക്കാണിക്കുകയും ഇക്കാര്യത്തിനു വേണ്ടി വാദിക്കുകയും അലമുറയിടുകയും ചെയ്തിരുന്നു. പക്ഷേ ഞങ്ങൾക്കെങ്ങനെയാണ് മാധ്യമങ്ങളിൽ മോണിക്ക ലെവിൻസ്കിയുടെ സ്ഥാനത്തിന് വേണ്ടി മത്സരിക്കുന്ന ഒ. ജെ.സിംപ്സണുമായി മത്സരിക്കാൻ കഴിയുക. ജനാധിപത്യത്തിനുവേണ്ടിയുള്ള ദുർഘടമായ ഈ യാത്രയിൽ ഞങ്ങൾക്ക് എന്നെങ്കിലും മോണിക്ക ലെവിൻസ്കിയുടെ മാദകത്വവുമായി മത്സരിക്കാനാവുമോ? തുല്യമായ പരിഗണനപോലും ഞങ്ങൾ ആവശ്യപ്പെടുന്നില്ല. യുക്തിബോധത്തിന്റെ അടിസ്ഥാനത്തിൽ സാമാന്യബുദ്ധിക്ക് നിരക്കുന്ന രീതിയിലുള്ള സ്ഥലവും പ്രാധാന്യവും മാത്രമേ ഞങ്ങൾ കാംക്ഷിക്കുന്നുള്ളൂ. മാധ്യമങ്ങൾ ഉത്തരവാദിത്വബോധത്തോടുകൂടി പെരുമാറിയില്ലെങ്കിൽ ഏത് മേഖലയിലുള്ള പ്രശ്നങ്ങൾക്കാണ് പ്രാമുഖ്യം കൊടുത്ത് അടിയന്തിരമായി പരിഹാരം കാണേണ്ടതെന്ന് ലോകം എങ്ങിനെയാണ് അറിയുക.?

ലോകമെമ്പാടുമുള്ള ജനാധിപത്യ സ്നേഹികളോട് ഞങ്ങൾക്ക് പറയാനുള്ളതിതാണ്. ഫുട്ബോളിൽ നൈജീരിയൻ ടീം എപ്പോൾ എവിടെയെല്ലാം കളിക്കുന്നുണ്ടോ അവിടെയെല്ലാം കാണികൾ ഈ ടീം പ്രതിനിധീകരിക്കുന്ന ഭരണ വ്യവസ്ഥയിൽ പ്രതിഷേധിച്ചുകൊണ്ട് കൈപ്പട്ടകൾ ധരിക്കുകയോ ബാനറുകൾ ഉയർത്തുകയോ ഭരണകൂടത്തിനെതിരായ പ്രസ്താവനകൾ നടത്തുകയോ ദീർഘകാലമായി ദുരിതമനുഭവിക്കുന്ന നൈജീരിയൻ ജനതയോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയോ ചെയ്യുക. പോരാട്ടങ്ങളിൽ ജീവൻ ബലിയർപ്പിച്ച കെൻസാരോവിവ, ആൽഫ്രഡ് റിവാനെ, കുദിരത്ത് അബിയോള തുടങ്ങിയ ധീര രക്തസാക്ഷികളുടെയും തടവിൽ കഴിയുന്ന, പത്രപ്രവർത്തനത്തിനുള്ള ഈ വർഷത്തെ യുനെസ്കോ – ഗില്ലർ മോകാനോ അവാർഡുനേടിയ ക്രിസ് അനിയാവ്, ജനാധിപത്യത്തിനുള്ള ക്യാമ്പയിൻ കമ്മിറ്റി ചെയർമാൻ റാൻസം കുടി, ഷെഹുസാനി കുൻലി അജിബാദെ, ഫ്രാങ്ക് കൊകോറി, മൂന്നുവർഷമായി തടവിൽ കഴിയുന്ന പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ട ബാഷോറൻ അബിയോള തുടങ്ങിയവരുടെ പേരുകളും ചിത്രങ്ങളും പ്രചരിപ്പിക്കുക. ഇതുവരെ മാധ്യമങ്ങൾ കാണിച്ച അവഗണനക്കും വാർത്താ തമസ്കരണത്തിനും പരിഹാരമായി മേൽ പരാമർശിച്ച പേരുകൾ പ്രചരിപ്പിക്കുകയും പ്രതിഷേധിപോസ്റ്ററുകളാക്കാവുന്ന സെന്റർ ഫോൾസുകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുക. മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ വാർഷികം ആഗോളവ്യാപകമായി ആഘോഷിക്കുന്ന ഈ വേളയിൽ അതിന്റെ ഔചിത്യത്തിലും അത് നേരിടുന്ന വെല്ലുവിളികളിലും വിശ്വസിക്കുന്നതിന് ഇത് വഴി ഈ വിശ്വകായിക വേദിയെ പ്രയോജനപ്പെടുത്താൻ കഴിയും.

ജപ്പാനിലെ കോബെയിൽ നടന്ന 51-ാമത് വേൾഡ് ന്യൂസ് പേപ്പർ കോൺഗ്രസ്സിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

അവലംബം: കേരള സർവ്വീസ്



# അമർത്യകുമാർ സെൻ

1998ലെ സാമ്പത്തികശാസ്ത്രത്തിനുള്ള നോബേൽ സമ്മാന (ബാങ്ക് ഓഫ് സ്വീഡൻ പ്രൈസ് ഇൻ ഇക്കണോമിക് സയൻസ് ഇൻമെമ്മറി ഓഫ് ആൽഫ്രഡ് നോബേൽ) ജേതാവായ അമർത്യകുമാർ സെന്നിന്റെ അഭിമാനകരമായ നേട്ടം എല്ലാ ഭാരതീയരെയും പുളകമണിയിക്കുന്ന മഹാസംഭവമാണ്. സാമ്പത്തിക ശാസ്ത്രത്തിൽ നൊബേൽ സമ്മാനം നേടുന്ന 30-ാമത്തെ വ്യക്തിയാണദ്ദേഹം. അമേരിക്ക കഴിഞ്ഞാൽ ഈ അസുലഭ നേട്ടം കൈവരിച്ച രാഷ്ട്രങ്ങൾ ജർമ്മനി, ഫ്രാൻസ്, നെതർലാന്റ്സ്, മുൻസോവിയറ്റ് യൂണിയൻ എന്നിവ മാത്രമാണ്. ദാരിദ്ര്യത്തിലും പട്ടിണിയിലും ആണ്ടുകിടക്കുന്ന മൂന്നാം ലോകരാജ്യങ്ങളുടെ നേതൃസ്ഥാനത്തു നിൽക്കുന്ന ഇന്ത്യയും അഭിമാനത്തിന്റെ കൊടുമുടിയിലേക്ക് എത്തിയിരിക്കുന്നു. ഇന്ത്യയടക്കമുള്ള രാജ്യങ്ങളിലെ പട്ടിണിയുടെയും അന്വേഷണത്തിന്റെയും കൂടി അംഗീകാരമാണ് അദ്ദേഹത്തിന്റെ നൊബേൽ സമ്മാന ലബ്ധി. സാമ്പത്തികശാസ്ത്രത്തിനു പുറമെ, ജനാധിപത്യ മൂല്യങ്ങൾക്കും തത്വചിന്തയ്ക്കും മറ്റും അദ്ദേഹം നൽകിയ സംഭാവനകളും നൊബേൽ സമ്മാനത്തിന് ഹേതുവായിട്ടുണ്ട്. നൊബേൽ സമ്മാനലബ്ധിയിൽ പ്രതികരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്. "എനിക്ക് സമ്മാനം കിട്ടുന്നു എന്നത് സന്തോഷകരമാണെങ്കിൽ കൂടി സാമൂഹ്യമായ തെരഞ്ഞെടുപ്പിന്റെയും ക്ഷേമധനതത്വശാസ്ത്രത്തിന്റെയും വിശാലമായ പശ്ചാത്തലത്തിൽ ദാരിദ്ര്യം, ക്ഷാമം എന്നീ വിഷയങ്ങൾക്ക് ശ്രദ്ധ ലഭിച്ചതായി കാണപ്പെട്ടത് കൂടുതൽ സംതൃപ്തികരമാണ്".

1933-ൽ കൽക്കത്തയിലെ അമർത്യോ-അമിത ദമ്പതികളുടെ പുത്രനായി അമർത്യസെൻ ജനിച്ചു. സാമ്പത്തികശാസ്ത്രത്തിന്റെ ഹരിഃശ്രീ ശാന്തിനികേതനിൽ കുറിച്ചു. കൽക്കത്ത പ്രസിഡൻസി കോളേജിൽ നിന്നും ബിരുദമെടുത്തശേഷം ബിരുദാനന്തര ബിരുദത്തിനായി കേംബ്രിഡ്ജിലെ ട്രിനിറ്റിയിലെത്തി. പിന്നീട് ട്രിനിറ്റിയുടെ ഭരണസാരഥിയായി. ഈ ഉന്നതസ്ഥാനത്തെത്തുന്ന ആദ്യത്തെ ഭാരതീയനാണദ്ദേഹം. ദൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽ തുടങ്ങിയ അധ്യാപക ജീവിതം ക്രമേണ ഓക്സ്ഫോർഡ്, ഹാർവാർഡ് സർവ്വകലാശാലകളിലേക്ക് വ്യാപിച്ചു. ഹാർവാർഡിൽ സാമ്പത്തികശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും ഒരേസമയം 'ലേ മൗണ്ട്' പദവിയിലെത്തുന്ന ഇപ്പോഴത്തെ ഏക വ്യക്തിയും അമർത്യസെന്നാണ്.

അമർത്യസെന്നിന്റെ സാമ്പത്തിക ശാസ്ത്രത്തിന്റെ പ്രത്യേകത തത്വവും പ്രയോഗവും തമ്മിലുള്ള അവിഭാജ്യബന്ധത്തിലൂന്നിയുള്ള വിശകലന പഠനരീതിയാണ്. ബാലനായിരിക്കുമ്പോൾ തന്നെ ബംഗാൾ ക്ഷാമത്തിന്റെ ഭീകരത ആ ഒമ്പതു വയസ്സുകാരനെ ആഴത്തിൽ സ്പർശിച്ചിരുന്നു. ആയിരങ്ങൾ പട്ടിണിമൂലം മരണമടഞ്ഞു. ഭക്ഷണത്തിന്റെ ദൗർലഭ്യമാണ് ക്ഷാമത്തിന് കാരണമെന്ന പൊതുവിൽ നിലനിന്നിരുന്ന ധാരണ അംഗീകരിക്കാൻ ആ ബാലൻ തയ്യാറായിരുന്നില്ല. മുതിർന്നപ്പോൾ ക്ഷാമത്തെപ്പറ്റിയുള്ള വിശദമായ പഠനങ്ങളിലൂടെ ഭക്ഷണ ദൗർലഭ്യമല്ല അതു നേടാനുള്ള ആളുകളുടെ കഴിവില്ലായ്മയാണ് പട്ടിണിക്കു നിദാനമെന്ന് അദ്ദേഹം നിസ്സംശയം ലോകത്തോടുപറഞ്ഞു. മാത്രമല്ല ക്ഷാമം പ്രകൃതിയുടെ ഒരു ക്രൂരവിനോദമല്ലെന്നും മനുഷ്യനുണ്ടാക്കുന്ന ദുരന്തം കൂടിയാണെന്നും അദ്ദേഹം സമർത്ഥിച്ചു. രൂക്ഷമായ തൊഴിലില്ലായ്മകൊണ്ടും വിലക്കയറ്റം കൊണ്ടും സമൂഹത്തിലെ ദരിദ്രനാരായണന്മാർക്ക് അത്യാവശ്യഭക്ഷണം പോലും വാങ്ങാൻ കഴിയാത്ത ഒരു രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക അത്യാഹിതമാണ് ക്ഷാമമെന്ന് അദ്ദേഹത്തിന്റെ നിസ്തുല പഠനങ്ങൾ നമുക്ക് കാണിച്ചുതരുന്നു. ഇത് ഏറിയ പങ്കും പേറേണ്ടിവരുന്നത് സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളിലെ കൂടുതൽ ദുർബ്ബലരായ സ്ത്രീകളും കുട്ടികളുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട Poverty and Famine, Hunger and Public Action എന്നീ ഗ്രന്ഥങ്ങളിലൂടെ ദാരിദ്ര്യം, ക്ഷാമം എന്ന സാമൂഹ്യ പ്രശ്നപരിഹാരത്തിന് ജനാധിപത്യത്തിന്റെ അനിവാര്യത എത്ര വിലപ്പെട്ടതാണെന്ന് സാംസ്കാരിക വിപ്ലവകാലത്തെ ചൈനയിലെ ക്ഷാമം ചൂണ്ടിക്കാട്ടി അദ്ദേഹം എടുത്തുപറയുന്നു. ചൈനയുടെയും ഇന്ത്യയുടെയും താരതമ്യപഠനത്തിലൂടെ ജനാധിപത്യവും, പത്രസ്വാതന്ത്ര്യവും, പ്രതിപക്ഷ ധർമ്മവുമെല്ലാം പട്ടിണി മരണങ്ങൾ ഒഴിവാക്കുന്നതിൽ വഹിക്കുന്ന

(5-ാം പേജിൽ നിന്ന്)

ണരമോ തുല്യജോലിക്ക് തുല്യ വേതനമോ ലഭിക്കുന്നില്ല. അവർക്കെതിരെയുള്ള കടന്നാക്രമണങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നു. കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നത് തടയുന്നതിന് ഒരു നടപടിയും എടുക്കുന്നില്ല. വിദ്യാഭ്യാസം കച്ചവടവത്കരിക്കുന്നതിലൂടെ പഠിക്കാനുള്ള അവസരം വെട്ടിച്ചുരുക്കപ്പെടുന്നു. ആധുനികവത്കരണവും വ്യവസായങ്ങളുടെ അടച്ചുപൂട്ടലും മൂലം തൊഴിലില്ലായ്മ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു.

രാജ്യത്ത് നിലനിൽക്കുന്ന മതസൗഹാർദ്ദം തകർക്കുന്ന നടപടികളാണ് ബി.ജെ.പി. ഗവണ്മെന്റ് സ്വീകരിക്കുന്നത്. ബാബറി മസ്ജിദ് തകർക്കപ്പെട്ട സ്ഥാനത്ത് രാമക്ഷേത്രം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആർ.എസ്.എസും വിശ്വഹിന്ദു പരിഷത്തും പരസ്യമായി നടത്തുന്നു. ഇന്ത്യയുടെ ചരിത്രം തന്നെ മാറ്റിയെഴുതുന്നതിനുള്ള നടപടികൾ ആർ.എസ്.എസ് ആസ്ഥാനത്ത് പുരോഗമിക്കുന്നു. മാധ്യമങ്ങളെയും വിദ്യാഭ്യാസമേഖലയെയും ഹൈന്ദവവൽക്കരിച്ചുകൊണ്ടിരിക്കുന്നു. ചരിത്രത്തെ വളച്ചൊടിച്ച് വർഗീയ വിഷം കുട്ടികളിൽ കുത്തിവയ്ക്കുന്ന രീതിയിൽ പാഠപുസ്തകങ്ങൾ യു.പി.യിലും മറ്റും നടപ്പിലാക്കിയിരിക്കുന്നു. വിദ്യാഭ്യാസത്തിന് ഹൈന്ദവ അജണ്ട അടിച്ചേൽപിക്കുന്നതിനുവേണ്ടി സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗം വിളിച്ചുചേർത്തതും ശക്തിയായ എതിർപ്പുമൂലം തത്കാലം അത് മാറ്റിവെക്കപ്പെട്ടതും അത്യന്തം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സരസ്വതീവന്ദനം ആലപിക്കണമെന്നതും വർഗ്ഗീയവാദികളുടെ ഉദ്ദേശം വെളിവാക്കുന്നു. ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള കടന്നാക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് ഉൽകണ്ഠാജനകമാണ്. മിഷനറി പ്രവർത്തകരെ കയ്യേറ്റം ചെയ്തതും കന്യാസ്ത്രീകൾ മാനഭംഗം ചെയ്യപ്പെട്ടതും ആരാധനാലയങ്ങൾ തകർക്കപ്പെട്ടതും ഒറ്റപ്പെട്ട പ്രവർത്തനങ്ങളല്ല. ബി.ജെ.പി. ഗവണ്മെന്റിന്റെ ഒത്താശയോടെ ആർ.എസ്.എസും സംഘപരിവാറും ബോധപൂർവ്വം വർഗ്ഗീയ വികാരം ആളിക്കത്തിക്കുകയാണ്. ഫാസിസ്റ്റ് നടപടികളിലൂടെ ഹിന്ദുരാഷ്ട്രം സ്ഥാപിക്കുകയാണ് ബി.ജെ.പി.യുടെ ലക്ഷ്യം.

ഇന്ത്യയിലെ മുഴുവൻ ജനങ്ങളെയും ബാധിക്കുന്ന അത്യന്തം ഗൗരവമേറിയ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പ്രവർത്തന പരിപാടികൾ ഏറ്റെടുക്കുവാൻ ട്രേഡ് യൂണിയനുകളും വർഗ്ഗ ബഹുജന സംഘടനകളും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 98 ആഗസ്റ്റ് 12 ന് ദൽഹിയിൽ ചേർന്ന വർഗ്ഗ ബഹുജന സംഘടനകളുടെ പൊതു ഐക്യവേദി ഡിസ. 11ന് ദേശവ്യാപകമായ പണിമുടക്കിന് ആഹ്വാനം നൽകിയിരിക്കുകയാണ്. ഈ പ്രക്ഷോഭം വിജയിപ്പിക്കേണ്ടത് ഓരോ സംഘടനയുടെയും കടമയാണ്. നമ്മുടെ നാടിന്റെ സ്വാതന്ത്ര്യവും പരമാധികാരവും ദേശീയഐക്യവും മതസൗഹാർദ്ദവും കാത്തുസൂക്ഷിക്കുന്നതിനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും വേണ്ടിയുള്ള ഈ പണിമുടക്ക് വൻവിജയമാക്കുവാൻ എല്ലാ തൊഴിലാളികളോടും അഭ്യർത്ഥിക്കുന്നു. □

---

പങ്കിനെ അടിവരയിട്ട് അദ്ദേഹം സ്ഥാപിക്കുന്നു. ചൈനയിലെ സാമ്പത്തിക പുരോഗതി ഇന്ത്യയിലേതിനെക്കാൾ കൂടിയിരുന്നിട്ടും അവിടെ ക്ഷാമമുണ്ടായത് ജനാധിപത്യത്തിന്റെ കുറവുകൊണ്ടാണെന്ന് അമർത്യസെൻ പറയുന്നു. അതുപോലെ അമേരിക്കയിൽ സമ്പന്നതയുടെ നടുവിലും കറുത്ത വർഗ്ഗക്കാരുടെ പട്ടിണിയിലൂടെ സമ്പന്നത കൊണ്ടുമാത്രം ദാരിദ്ര്യം തുടച്ചുനീക്കാൻ കഴിയില്ലെന്നും കാണിച്ചുതരുന്നു.

India Economic Development and Social Opportunity എന്ന ജീൻഡ്രെസെയും അമർത്യസെന്നും കൂടി എഴുതിയ കൃതിയിൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സാമൂഹിക സാമ്പത്തിക പുരോഗതിയെപ്പറ്റി പ്രതിപാദിക്കുന്നു. ഭാരതത്തിലെ വിദ്യാഭ്യാസം, ആരോഗ്യം, ഇന്ത്യയും ചൈനയും, ഗവണ്മെന്റും സാമൂഹ്യ അസമത്വവും, അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ രാഷ്ട്രീയവശം, ലിംഗപരമായ അസമത്വം, ആഗോളവത്കരണത്തിനും അതീതം തുടങ്ങി ഈ കൃതിയിലെ ലേഖനങ്ങളിലൂടെ നാം ചൈനയുടെ അനുഭവങ്ങളിൽ നിന്നും എന്തു പാഠമാണ് ഉൾക്കൊള്ളേണ്ടതെന്നും ഇന്ത്യയിലെ ഗവണ്മെന്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും എടുത്തുപറയുന്നു.

Choice, Welfare and Measurement എന്ന കൃതിയിൽ ക്ഷേമത്തിലൂന്നിയുള്ള സാമ്പത്തികശാസ്ത്രത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. Inequality Reexamined എന്ന ഗ്രന്ഥത്തിൽ സമത്വവും അസമത്വവും അതിന്റെ വിവിധ ദാർശനിക തലങ്ങളും അവതരിപ്പിക്കുന്നു.

ജീൻഡ്രെസെയും അമർത്യസെന്നും കൂടി എഡിറ്റുചെയ്ത Indian Development Selected Regional Perspectives എന്ന കൃതിയിൽ ബംഗാളിലെ ഭൂരിപരിഷ്കരണത്തെയും കേരളത്തിലെ വിദ്യാഭ്യാസ - ആരോഗ്യമേഖലകളിലെ നേട്ടത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്തുത പരിഷ്കാരങ്ങൾ നടക്കാതെ പോയ ഉത്തരപ്രദേശിലെ പരിതാപകരമായ അവസ്ഥയെയും പ്രതിപാദിക്കുന്നു.

കേരളത്തിന്റെ വികസന മാതൃക മുതലാളിത്ത സമ്പന്ന രാഷ്ട്രങ്ങൾക്ക് വിശദീകരിച്ചുകൊണ്ട് സമ്പദ് സമൃദ്ധിയിൽ വളരെ പിന്നിലായ കേരളത്തിന് സാധ്യമായത് സമ്പന്നരാജ്യങ്ങൾക്ക് എന്തുകൊണ്ട് സാധിക്കുന്നില്ല എന്ന് അദ്ദേഹം നിരന്തരം ചോദിച്ചിരുന്നു. അതേസമയം സാമ്പത്തിക രംഗത്ത് കേരളം പിന്നോട്ടടിക്കുകയാണെന്ന യാഥാർത്ഥ്യം നമ്മെപ്പോലെ അദ്ദേഹത്തെയും അലട്ടിയിരുന്നു.

ചുരുക്കത്തിൽ ഒരു ഡസനിലധികം ഗ്രന്ഥങ്ങളിലൂടെയും നൂറുകണക്കിന് വിലപ്പെട്ട ലേഖനങ്ങളിലൂടെയും തത്വശാസ്ത്ര - സാമ്പത്തിക ശാസ്ത്ര മേഖലകളിൽ അമർത്യസെൻ വികസിപ്പിച്ചെടുത്ത സംഭാവനകൾ വരും തലമുറക്ക് ഒരു മുതൽക്കൂട്ടായിരിക്കും. □

# ദരിദ്രരുടെ അർത്ഥശാസ്ത്രത്തിന് അംഗീകാരം

> കാളക്കൂറ്റൻമാരും കരടിക്കുട്ടികളും കുത്തിത്തിമിർക്കുന്ന ഓഹരി വിപണികളിലെ വാതുവയ്പുകളും കള്ളക്കളികളും കൊണ്ട് പത്തായം നിറയ്ക്കുന്ന സൃഗാല തത്വശാസ്ത്രങ്ങളിൽ നിന്ന് അർത്ഥശാസ്ത്രത്തിനു വിപുലവും സാർവ്വജനീനവുമായ ഉൾക്കരുത്തു നൽകിക്കൊണ്ട് ജനകോടികളുടെ മൗലികമായ പ്രശ്നങ്ങൾക്ക് അടിവരയിടുന്ന അർത്ഥശാസ്ത്ര കല്പനകളാണ് ശ്രീ. അമർത്യാസെൻ ഊതിത്തെളിച്ചത്. അതാണ് അദ്ദേഹത്തിന്റെ മഹത്വവും.

കെ. മോഹനൻ
ചാല ബ്രാഞ്ച്

അതിരുകളില്ലാത്ത മാനവികതയുടെ വൈജ്ഞാനികതയുമായി വംഗനാടിന്റെ പ്രിയപുത്രൻ – അമർത്യാസെൻ – ഈ വർഷത്തെ ധനതത്ത്വശാസ്ത്രത്തിനുള്ള നൊബേൽ സമ്മാനം നേടിയിരിക്കുകയാണ്.

അർത്ഥശാസ്ത്രത്തിന്റെ പഠനത്തിലും മനനത്തിലും പ്രയുക്തിയിലും ജനകീയവും മാനവികവും ജനായത്തപരവുമായ ധാരകൾ ഇഴചേർത്ത ക്ഷേമ ധനതത്ത്വശാസ്ത്രത്തിലെ പുത്തൻ സരണികളുടെ അവതാരകനും പ്രണേതാവുമാണ് ദേ കാരനായ ഈ ഭാരതപൗരൻ.

'കാതലായ സാമ്പത്തിക പ്രശ്നങ്ങളെ അധികരിച്ചുള്ള സംവാദങ്ങൾക്ക് സെൻ സദാചാരപരമായ ഒരു പുത്തൻ അർത്ഥതലം കണ്ടെത്തിയിരിക്കുകയാണെന്ന് സ്വീഡിഷ് സയൻസ് അക്കാദമി വിലയിരുത്തുന്നു.

നൊബേൽ സമ്മാനം എന്നും വിവാദം ഉയർത്തിയിരുന്നു. ജഡ്ജിങ്ങ് കമ്മിറ്റികൾ മുതലാളിത്ത വിധേയത്വവും വിവേചനവും പുലർത്തിപ്പോന്നിരുന്നു എന്നതും വസ്തുതയാണ്. സമാധാനപ്രസ്ഥാനത്തിന്റെ ആൾരൂപമായ മഹാത്മജിയ്ക്കോ സമാനതകളില്ലാത്ത സാഹിത്യ ചക്രവർത്തി ടോൾസ്റ്റോയ്ക്കോ ഈ സമ്മാനം നൽകപ്പെട്ടില്ല. അതേസമയം റഷ്യയിൽ നിന്നും പലായനം ചെയ്തു പറുദീസയിലെത്തിയ പാസ്റ്റർ നക്കും സോവിയറ്റ് യൂണിയനെ തകർത്ത ഗോർബച്ചേവും ജേതാക്കളാവുകയും ചെയ്തു.

അമർത്യാസെന്നും അദ്ദേഹത്തിന്റെ ആശയങ്ങളും പഴഞ്ചനാണെന്നും ഒരിക്കലും നൊബേൽ സമ്മാനത്തിന് അർഹത നേടില്ലെന്നും പ്രഖ്യാപിച്ചത് മറ്റാരുമല്ല ഒരു മുൻജഡ്ജിങ്ങ് കമ്മിറ്റി അംഗം തന്നെയാണ്. പക്ഷെ ഇപ്പോൾ ആകെ മാറിയിരിക്കുന്നു. പുനഃസംവിധാനം ചെയ്ത നോബൽ ജഡ്ജിങ്ങ് കമ്മിറ്റിക്ക് കാലത്തിന്റെ മാറ്റം ഉൾക്കൊള്ളേണ്ടി വന്നിരിക്കുന്നു.

കാളക്കൂറ്റൻമാരും കരടിക്കുട്ടികളും കുത്തിത്തിമിർക്കുന്ന ഓഹരി വിപണികളിലെ വാതുവയ്പുകളും കള്ളക്കളികളും കൊണ്ട് പത്തായം നിറയ്ക്കുന്ന സൃഗാല തത്വശാസ്ത്രങ്ങളിൽ നിന്ന് അർത്ഥശാസ്ത്രത്തിനു വിപുലവും സാർവ്വജനീനവുമായ ഉൾക്കരുത്തു നൽകിക്കൊണ്ട് ജനകോടികളുടെ മൗലികമായ പ്രശ്നങ്ങൾക്ക് അടിവരയിടുന്ന അർത്ഥശാസ്ത്ര കല്പനകളാണ് ശ്രീ. അമർത്യാസെൻ ഊതിത്തെളിച്ചത്. അതാണ് അദ്ദേഹത്തിന്റെ മഹത്വവും.

ദലാൽ സ്ട്രീറ്റിലെ നാഷണൽ സെൻസെക്സിന്റെ പതനമല്ല, കലഹന്ദിയിലെ പട്ടിണിമരണമാണ് അദ്ദേഹത്തെ നൊമ്പരപ്പെടുത്തിയത്. അതുകൊണ്ടുതന്നെ ക്ലാസുമുറികളിലും സെമിനാർ സെഷനുകളിലും കത്തിത്തീരുന്ന ഈ dismal science ശ്രീ. സെന്നിന്റെ കൈകളിൽ വിമോചന രേഖയാണ്.

സുഖശീതളതയിൽ സഹപ്രവർത്തകർ കമ്പോളവും ആദാനവും പ്രദാനവും രേഖാങ്കങ്ങളും തീർത്തുകൊണ്ട് മുതലാളിത്തത്തിനു കുഴലൂത്തുകാരായപ്പോൾ സുഡാനിലും, ഷാങ്ഹായിലും, ബംഗാളിലും ഒരു ചാൺ വയറിനു ആഹാരമില്ലാതെ പുഴുക്കളെപ്പോലെ മരിച്ചു വീണതിനെക്കുറിച്ചാണ് ഈ മഹാനായ മനുഷ്യസ്നേഹി ചിന്തിച്ചത്. പണിശാലകളിൽ കരിയുന്ന ബാല്യവും തകർക്കപ്പെടുന്ന മാനവും മൂല്യങ്ങളും കൊണ്ട് ഒരു ഗ്ലോബൽ വില്ലേജിലേക്കു നാം എത്തുകയില്ലെന്നതാണ് സത്യം.

മൂന്നു ദശലക്ഷമാളുകൾ ചത്തൊടുങ്ങിയ 1940-കളിലെ ബംഗാൾ ക്ഷാമത്തിന്റെ കരാളതകൾ നേരിൽക്കണ്ട സെൻ ലോകത്തിലെ പതിതരായ ജനകോടികളുടെ ആകുലതകളും ആത്മനൊമ്പരങ്ങളും ഉൾക്കൊണ്ടുതന്നെയാണ് പിൽക്കാലത്തെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നടത്തിയത്.

ഇരുപത്തിരണ്ടാമത്തെ വയസ്സിൽ തന്നെ ബംഗാളിലെ ജാദവ് പൂർ സർവ്വകലാശാലയിൽ സീനിയർ പ്രൊഫസറായി പ്രവർത്തനമാരംഭിച്ച സെൻ ഇപ്പോൾ കേംബ്രിഡ്ജ് കോളേജ് മേധാവിയാണ്. ഏറ്റവും ഉന്നതമായ ഈ തസ്തികയിൽ നിയമനം നൽകിയത് ബ്രിട്ടീഷ് രാജ്ഞിയുമാണ്.

അദ്ദേഹത്തിന്റെ സഞ്ചിതമായ പഠനങ്ങളും വിശകലനങ്ങളും ഈ പുസ്തകങ്ങളിലും 225ഓളം ഗവേഷണ പ്രബന്ധങ്ങളിലുമായി അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്.

1980ൽ പ്രസിദ്ധീകരിച്ച 'ദാരിദ്ര്യവും ക്ഷാമവും' എന്ന കൃതി ശ്രദ്ധേയമാണ്. ധാന്യശേഖരത്തിന്റെ കുറവല്ല മറിച്ച് വിൽപനയിലെയും, വിതരണ സംവിധാനങ്ങളിലെയും മറിമായവും രാഷ്ട്രീയവും പത്രവും റേഡിയോവുമെല്ലാം കൂടി സൃഷ്ടിക്കുന്ന പ്രതിഭാസമാണ് ക്ഷാമമെന്നത് നമ്മെ ഞെട്ടിക്കുന്നതാണ്.

1989-ൽ പുറത്തിറങ്ങിയ 'വിശപ്പും പരിഹാര മാർഗ്ഗങ്ങളും' ദാരിദ്ര്യത്തെ വിലയിരുത്തുന്നു. ഈ കൃതിയിലെ ആശയങ്ങളിൽ നിന്നും കടം കൊണ്ടാണ് ഐക്യരാഷ്ട്ര സഭയുടെ വികസന ഏജൻസി ഓരോ വർഷവും മാനവവികസന സൂചികയും മാനവ വികസന റിപ്പോർട്ടും പ്രസിദ്ധീകരിക്കുന്നത്.

അദ്ദേഹത്തിന്റെ ശ്രദ്ധേയമായ മറ്റൊരു പഠനം കുടുംബസിദ്ധാന്തമാണ് (Theory of Household). കുടുംബം ഒരേ സമയം സഹകരണത്തിന്റെയും അസമത്വത്തിന്റെയും സ്ത്രീ വിവേചനത്തിന്റെയും ഏകകമാണ്. കുടുംബത്തിന്റെ ഗുണപരവും ഗണപരവുമായ വളർച്ചാവേളയിൽ സ്ത്രീകൾ വിവേചനത്തിനു വിധേയമാകുന്നു. അതുപോലെ സമൂഹത്തിന്റെ പൊതുവായ വികസനപ്രക്രിയയിൽ വനിതാപ്രസ്ഥാനങ്ങൾക്കും ഈ ദുസ്ഥിതി നേരിടേണ്ടി വരുമെന്നും കുടുംബസിദ്ധാന്തം വിശദീകരിക്കുന്നു.

അക്കാദമിക് രംഗത്ത് അദ്ദേഹത്തിന്റെ മൊത്തം സംഭാവനകളിൽ പ്രമുഖമായവ ഇവയാണ്. സാമ്പത്തിക രീതിശാസ്ത്രം, ക്ഷേമധനതത്വശാസ്ത്രം മൂലധനം: വളർച്ചയും വിതരണവും, വിദ്യാഭ്യാസവും മാനവികവിഭവആസൂത്രണവും, കുടുംബശാസ്ത്രം, വിശപ്പ്, പട്ടിണി, ദാരിദ്ര്യം, ധാർമ്മികദർശനം, ഇന്ത്യൻ പഠനങ്ങൾ.

സ്വീഡിഷ് റോയൽ സയൻസ് അക്കാദമി അവാർഡിനു പരിഗണിച്ച ഏകകങ്ങൾ ഇവയാണ്.

- അക്കാദമിക് രംഗത്തെ സമഗ്രമായ വിജ്ഞാനം അതേ അളവിൽ സാമൂഹിക പഠനങ്ങൾക്ക് വിനിയോഗിച്ചു
- വൈയക്തിക മൂല്യം, വ്യക്തിസ്വാതന്ത്ര്യം, അറിയാനുള്ള അവകാശം, കൂട്ടായ്മ എന്നിവയെക്കുറിച്ചുള്ള സങ്കൽപനങ്ങൾ
- ക്ഷേമത്തിന്റെയും ക്ഷാമത്തിന്റെയും സൂചകാങ്കങ്ങളുടെ നിർണ്ണയനം.
- ദരിദ്രരിൽ ദരിദ്രരായവരുടെ ക്ഷേമത്തെക്കുറിച്ചുള്ള നിരീക്ഷണങ്ങൾ.
- പഠനങ്ങളിലെ പരസ്പരപര്യവും സാദൃശ്യങ്ങളും.

സാക്ഷരത, ആരോഗ്യം എന്നീ മേഖലകളിൽ ചൈനയേക്കാൾ മുന്നിലാണ് കേരളമെന്ന് അഭിപ്രായപ്പെടുന്ന സെൻ അസമത്വവും പിന്നോക്കാവസ്ഥയും ഇന്ത്യയുടെ ദുരന്തമാണെന്ന് ഓർക്കുന്നു.

കൽക്കത്തയിലെ ശാന്തി നികേതനത്തിനടുത്തുള്ള 'പ്രതീചി'യിൽ ഓരോ വർഷവുമെത്തുമ്പോൾ അഖിലേന്ത്യാ സന്ദർശനവും പ്രഭാഷണ പരമ്പരകളുമാണ് മുഖ്യപരിപാടി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അഡ്വൈസറുമാണദ്ദേഹം. സായന്തനങ്ങളിലും പ്രഭാതങ്ങളിലും സ്വന്തം സൈക്കിളിൽ ശാന്തിനികേതനത്തിന്റെ വിശാലമായ കാമ്പസിൽ ചുറ്റിക്കറങ്ങി ഓപ്പൺ കഫേയിലെ ചായയും സൗഹൃദവും പങ്കിടുന്ന അമർത്യ സെൻ ഇടതുപക്ഷത്തിനെ വോട്ടു ചെയ്യു.

നൊബേൽ സമ്മാനം സെന്നിനു നൽകിയതിലൂടെ ഈ സമ്മാനത്തിന്റെ മൂല്യമാണ് വർദ്ധിച്ചിരിക്കുന്നത് എന്ന് പറഞ്ഞത് എത്ര ശരിയാണ്. □

## ഇന്നത്തെ ലോകം

ഏറ്റവും ദരിദ്രരായ 48 രാജ്യങ്ങളുടെ ആഭ്യന്തര ദേശീയോൽപാദനം ലോകത്തെ ഏറ്റവും ധനികരായ മൂന്നു പേരുടെ പ്രതിവർഷവരുമാനത്തിന് തുല്യമത്രേ.

ലോകത്തെ ഏറ്റവും ധനികരായ 225 പേരുടെ മൊത്തം ധനത്തിന്റെ മൂല്യം 10,000 കോടി ഡോളർ ആണ്. ഇത് 250 ലക്ഷം വരുന്ന ലോകത്തിലെ ദരിദ്രരുടെ 47 ശതമാനത്തിന്റെ മൊത്തം വരുമാനത്തിന് തുല്യമാണ്.

ലോകത്തിലെ ഏറ്റവും ധനികരായ 32 പേരുടെ ധനം ഇന്ത്യാ പാക്കിസ്ഥാൻ ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ, ഭൂട്ടാൻ, മാലി ദ്വീപുകൾ എന്നീ ദക്ഷിണേഷ്യൻ രാജ്യങ്ങളുടെയും അഫ്ഗാനിസ്ഥാൻ, ഇറാൻ എന്നീ രാജ്യങ്ങളുടെയും മൊത്തം ദേശീയോൽപാദനത്തെക്കാൾ കൂടുതലാണ്.

കാനഡ മാനവവികസന സൂചികയിൽ ഒന്നാം സ്ഥാനം അലങ്കരിക്കുന്നു. ഇന്ത്യയുടെ സ്ഥാനം 139 ആണ്. പാക്കിസ്ഥാൻ 138-ാം സ്ഥാനത്ത് നിൽക്കുന്നു.

ഉൽപാദനങ്ങളുടെ ആഗോള ഉപഭോഗം ഈവർഷം 24ലക്ഷം കോടി ഡോളർ കവിയും. 25 വർഷങ്ങൾക്ക് മുമ്പുള്ളതിനെക്കാൾ ആറുമടങ്ങ്. ഇതിന്റെ സിംഹഭാഗവും വിഴുങ്ങുന്നത് ലോകത്തിലെ ധനികരായ 20ശതമാനം ജനങ്ങളാണ്.

ഫ്രാൻസിൽ ഇടത്തരം വരുമാനക്കാർക്ക് ഒരു സ്വകാര്യകാർ ആഡംബരമല്ല. ഇന്ത്യയിലെ ഗ്രാമീണർക്ക് വാച്ച് ഇന്നൊരു ആഡംബരമല്ല. ചൈനയിലെ ഒരു ശരാശരി കുടുംബത്തിന് ഫ്രിഡ്ജ് ഒരു അവശ്യ ഉപകരണമായി മാറിയിരിക്കുന്നു □

# ട്രേഡ് യൂണിയനുകളും തൊഴിലില്ലായ്മയും

**സംഘടിത മേഖലയിലെ യൂണിയൻവത്കരിക്കപ്പെട്ട തൊഴിലാളികൾ സവിശേഷാധികാരമുള്ള ഒരു വരേണ്യവിഭാഗമാണെന്നും അവരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും തൊഴിലവസര വളർച്ചക്കും സാങ്കേതിക രംഗത്തെ നിക്ഷേപത്തിനും ശക്തമായ പ്രതിബന്ധം സൃഷ്ടിക്കുന്നുവെന്നുമുള്ള വാദങ്ങൾ നിരന്തരം ഉയരുന്നുണ്ട്. ട്രേഡ് യൂണിയനുകളുടെ ശക്തി കുറയുന്നത് സംഘടിത മേഖലയിൽ തൊഴിൽ ഉത്തേജനത്തിന് വഴി തുറക്കുമെന്ന വിശ്വാസവും ശക്തിപ്പെട്ടുവരുന്നു. എന്നാൽ പശ്ചിമ യൂറോപ്യൻ അനുഭവങ്ങൾ ഈ വാദത്തെ നിരാകരിക്കുന്നു. സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഏൽക്കുന്ന ക്ഷതം അസംഘടിത മേഖലയിൽ മെച്ചപ്പെട്ട വേതനമോ തൊഴിൽ സാഹചര്യങ്ങളോ ഒരുക്കുന്നില്ലെന്നു മാത്രമല്ല അത് മൊത്തം തൊഴിലാളി വർഗ്ഗത്തിന്റെ ജീവിത നിലവാരം തകർക്കുന്നു എന്നതാണ് വസ്തുത.**

**ജയതി ഘോഷ്**

ഈ നൂറ്റാണ്ടിലെ ഏറ്റവും രൂക്ഷവും ദീർഘകാലമായി തുടരുന്നതുമായ തൊഴിലില്ലായ്മയുടെ പിടിയിലാണ് പശ്ചിമയൂറോപ്യൻ രാജ്യങ്ങൾ. 1930 കളിലെ സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായുണ്ടായ ഉയർന്നതോതിലുള്ള തൊഴിലില്ലായ്മ പോലും മിക്ക യൂറോപ്യൻ രാജ്യങ്ങളിലും 10 വർഷത്തിൽകൂടുതൽ തുടർന്നില്ല. മാത്രവുമല്ല മാന്ദ്യം അവസാനിച്ച് സാമ്പത്തിക വളർച്ച ദൃശ്യമായതോടെ തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്തു.

എന്നാൽ ഇതിൽ നിന്നും വളരെ വ്യത്യസ്തമാണ് ഇന്നത്തെ യൂറോപ്പിന്റെ സ്ഥിതി. രൂക്ഷമായ തൊഴിലില്ലായ്മയുടെ 15 വർഷങ്ങൾ കടന്നുപോയി. ചില രാജ്യങ്ങളിൽ രണ്ടു ദശകങ്ങളും. സ്പെയിനിൽ 20 ശതമാനമാണ് തൊഴിലില്ലായ്മ. പശ്ചിമയൂറോപ്പിൽ 15ഉം 20 ഉം ശതമാനത്തിനിടയിലാണ്. 1930കളിലേതിലും ഉയർന്ന നിരക്ക്. യൂറോപ്പിൽ കഴിഞ്ഞ ദശകത്തിൽ ഉൽപാദനത്തിലും വരുമാനത്തിലും ഉണ്ടായ വർധനവ് അതിനനുസൃതമായ തൊഴിൽ ഉത്തേജനത്തിന് സഹായകമായില്ല. ബ്രിട്ടൻ പോലെ അപൂർവ്വം ചില രാജ്യങ്ങളിലൊഴികെ സാമ്പത്തിക വളർച്ച ''തൊഴിൽരഹിത''മായിരുന്നു 'യൂറോസ് ലറോസിസ്' എന്ന് പരിഹാസത്തോടെ വിളിക്കപ്പെടുന്ന ഈ പ്രതിസന്ധിക്ക് മാമൂൽ സാമ്പത്തിക ശാസ്ത്രജ്ഞർ നിരത്തുന്ന കാരണങ്ങൾ 60 വർഷം മുമ്പ് ഷഗോവിനെ പോലുള്ളവർ ഉയർത്തിയവ തന്നെയാണ്. വ്യവസ്ഥാപിത നിയന്ത്രണങ്ങളും നിശ്ചലമായ തൊഴിൽ വിപണിയുമാണിതിന്റെ കാരണങ്ങൾ എന്നാണ് വാദം. തൊഴിൽ സുരക്ഷിതത്വം, മിനിമം വേതനം എന്നിവയെ സംബന്ധിച്ച നിയമങ്ങളും ട്രേഡ് യൂണിയനുകളും അവയുടെ കൂട്ടായ വിലപേശലും സ്വയം നിയന്ത്രിത തൊഴിൽ വിപണി നിശ്ചയിക്കുന്ന തലത്തിലേക്ക് വേതനം ഇടിയുന്നതിനെ തടഞ്ഞുനിർത്തുന്നു. 1930-കളിൽ മെയ്നാർഡ് കെയിൻസ് ഉദ്ഘോഷിച്ച ഈ കള്ളം ഇന്ന് ജനങ്ങൾ കൂടുതൽ പീഡിതരും എളുപ്പം വഞ്ചിക്കപ്പെടുന്നവരുമായ സ്ഥിതിയിൽ അന്തിമമായ വിചാരണക്കു വിധേയമാക്കി വലിച്ചെറിയേണ്ടതാണ്.

വ്യവസ്ഥാപിത നിയന്ത്രണങ്ങൾ തൊഴിൽ വിപണി നിശ്ചലമാക്കുന്നതിനും യഥാർത്ഥ വേതനം മെൽസൂചിപ്പിച്ച തലത്തിലേക്ക് ഇടിയുന്നതിനും വിഘാതമാവുന്നു. അത്തരം നിയന്ത്രണങ്ങൾ നിലവിലുള്ള പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിൽ തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നു. എന്നാൽ തൊഴിൽ വിപണി ചലനാത്മകമായതും കുറഞ്ഞ വേതനവും സുരക്ഷിതമല്ലാത്ത തൊഴിൽ വ്യവസ്ഥകളും സ്വീകരിക്കാൻ തൊഴിലാളികൾ തയ്യാറാകുന്നതുമായ (നിർബന്ധിതമാകുന്ന) ബ്രിട്ടൻ, അമേരിക്ക പോലുള്ള രാജ്യങ്ങളിൽ തൊഴിലില്ലായ്മ ആനുപാതികമായി കുറയുന്നു. തൊഴിലില്ലായ്മയുടെ കാരണങ്ങൾ സംബന്ധിച്ച നിലപാട് സാധൂകരിക്കുവാൻ മുഖ്യധാര സാമ്പത്തിക ശാസ്ത്രജ്ഞർ നിരത്തുന്ന ഉദാഹരണങ്ങളാണിവ.

വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ട്രേഡ്യൂണിയനുകളാണ് തൊഴിലില്ലായ്മക്ക് പ്രധാന ഉത്തരവാദിയെന്ന് ചിത്രീകരിക്കപ്പെടുന്നു. ട്രേഡ്യൂണിയനുകളുടെ കൂട്ടായ വിലപേശൽശക്തി ഉയർന്ന വേതനം നൽകാൻ തൊഴിലുടമകളെ നിർബന്ധിതമാക്കുന്നു. തൊഴിൽ സുരക്ഷിതത്വം, മെച്ചപ്പെട്ട തൊഴിൽ വ്യവസ്ഥകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവക്കു വേണ്ടിയുള്ള ട്രേഡ് യൂണിയനുകളുടെ പോരാട്ടം സാധാരണനിലയിൽ നിയമിക്കുമായിരുന്നതിൽ കുറഞ്ഞ തൊഴിലാളികളെ ആശ്രയിക്കാൻ ഉടമകളെ നിർബന്ധിതരാക്കുന്നു. അതുകൊണ്ട് തൊഴിലവസരം വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാനപരമായും വേണ്ടത് ട്രേഡ്യൂണിയനുകളുടെ രാഷ്ട്രീയ-സാമ്പത്തിക അധികാരം വെട്ടിക്കുറക്കുകയാണ്.

യൂറോപ്പിൽ ഈ നിലപാടിന്റെ മുഖ്യ പ്രചാരക മാർഗരറ്റ് താച്ചറായിരുന്നു. ബ്രിട്ടനിൽ തന്റെ ഭരണകാലത്ത് ട്രേഡ് യൂണിയനുകൾക്കെതിരെ ചിട്ടയാർന്നതും വ്യാപകവുമായ ആക്രമണങ്ങൾ അവർ സംഘടിപ്പിച്ചു. ജർമ്മനിയിലെ ഹെൽമുട്ട് കോൾ മുതൽ ഫ്രാൻസിലെ സോഷ്യലിസ്റ്റ് പ്രസിഡണ്ട് മിത്തറാങ്ങ് വരെ ഒട്ടുമിക്ക ഭരണാധികാരികളും ട്രേഡ്യൂണിയനുകളുടെ ശക്തികുറക്കുന്നതിനുവേണ്ടി

(ശേഷം 18-ാം പേജിൽ)



# വിപ്ലവസാഹിത്യകാരന്

## നോബേൽ സമ്മാനം

സാഹിത്യത്തിനുള്ള ഈ വർഷത്തെ നൊബേൽ സമ്മാനത്തിന് ഏറെ സവിശേഷതകളുണ്ട്. ഇത്രയും കാലം കമ്യൂണിസ്റ്റ് വിരുദ്ധതക്കുള്ള അംഗീകാരമായി നൽകപ്പെട്ടിരുന്ന അത് പോർത്തുഗലിലെ കമ്യൂണിസ്റ്റ് പാർട്ടി അംഗത്വവും കമ്യൂണിസത്തോട് അചഞ്ചലമായ കൂറും പുലർത്തുന്ന ജോസ് സരമാഗോക്കാണ് ഇത്തവണ ലഭിച്ചത്. ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകൾക്ക് അഭിമാനാർഹമായ നേട്ടമാണിത്.

നൊബേൽ സമ്മാനം നേടുന്ന ആദ്യത്തെ പോർത്തുഗീസ് ഭാഷ സാഹിത്യകാരനാണ് സരമാഗോ. ഒരു ഗ്രാമീണ തൊഴിലാളി കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ദാരിദ്ര്യം മൂലം ചെറുപ്പത്തിൽ തന്നെ സരമാഗോക്ക് വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്നു. കാറുകളുടെ അറ്റകുറ്റപണിയായിരുന്നു ആദ്യം ചെയ്തത്. പിന്നീട് ലിസ്ബണിലെ പ്രസിദ്ധീകരണശാലയിൽ ജോലിക്കാരനായി. ഇക്കാലത്താണ് ആദ്യനോവൽ പ്രസിദ്ധീകരിച്ചത്. ആന്റോണിയ ഡെ ഒലിവേറിയ സലാസറുടെ ഏകാധിപത്യഭരണമായിരുന്നു അന്ന് പോർത്തുഗലിൽ. ഈ സ്വേച്ഛാധിപത്യവാഴ്ച താനുൾപ്പെടെയുള്ളവരുടെ സാഹിത്യപ്രവർത്തനങ്ങൾക്ക് വിലങ്ങുതടിയാണെന്ന് സരമാഗോക്ക് ബോധ്യപ്പെട്ടു. ഈ മർദ്ദക വാഴ്ചക്കെതിരെ, നിരോധിക്കപ്പെട്ട പോർത്തുഗീസ് കമ്യൂണിസ്റ്റ് പാർട്ടി പോരാട്ടം തുടങ്ങിയിരുന്നു. 1969–ൽ അദ്ദേഹത്തിന് കമ്യൂണിസ്റ്റ് പാർട്ടി അംഗത്വം ലഭിച്ചു. കമ്യൂണിസ്റ്റ് പാർട്ടി നിർണ്ണായക പങ്കുവഹിച്ച 1974ലെ സൈനീക വിപ്ലവത്തോടെ സലാസറുടെ ഭീകരവാഴ്ച അവസാനിച്ചു.

രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യം നിലവിൽ വന്നതോടെ സരമാഗോയുടെ പ്രതിഭാവിലാസം പൂർവ്വാധികം പ്രകടമായി. ഇക്കാലത്ത് അദ്ദേഹം ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ 1975 ആയപ്പോഴേക്കും പ്രസിദ്ധീകരണത്തിന് തടസ്സം നേരിട്ടു. തുടർന്ന് ഫ്രഞ്ചുകൃതികൾ പോർത്തുഗീസിലേക്ക് പരിഭാഷപ്പെടുത്തിയാണ് അദ്ദേഹം ഉപജീവനമാർഗ്ഗം കണ്ടെത്തിയത്.

1977 മുതലുള്ള ഇരുപതു വർഷങ്ങളിൽ സരമാഗോയുടെ പത്തു നോവലുകൾ പ്രസിദ്ധീകൃതമായി. നിരവധി ഭാഷകളിലേക്ക് അവ വിവർത്തനം ചെയ്യപ്പെട്ടു. അദ്ദേഹത്തിന്റെ നോവലുകൾ പോർത്തുഗലിനുപുറമെ ബ്രസീൽ സ്പെയിൻ, ഇറ്റലി, ജർമ്മനി എന്നിവിടങ്ങളിൽ വലിയ പ്രചാരം നേടി. 1982–ൽ രചിക്കപ്പെട്ട Baltasar and Blimunda എന്ന കൃതിയാണ് നൊബേൽ സമ്മാനാർഹമായത്. "സമ്പന്നവും ബഹുമുഖവുമെന്ന പോലെ ചരിത്രപരവും സാമൂഹികവുമായ പ്രാധാന്യമാർന്നതും വൈയക്തിക പരിപ്രേക്ഷ്യത്തോടുകൂടിയതുമാണെന്നാണ്" ഇതിഹാസതുല്യമായ ഈ കൃതിയെ സ്വീഡിഷ് അക്കാദമി വിലയിരുത്തിയത്. 18–ാം നൂറ്റാണ്ടിൽ പോർത്തുഗലിൽ നടമാടിയ മതപരമായ പീഢനത്തിന്റെ കഥ പറയുന്നതാണ് ഈ കൃതി.

1991–ൽ രചിക്കപ്പെട്ട "The Gospel According to Jesus Christ" ഏറെ കോളിളക്കം സൃഷ്ടിച്ചു. നിഷ്കളങ്കനായ യേശു എന്ന മനുഷ്യനെ ഉപയോഗപ്പെടുത്തി ദൈവം സൃഷ്ടിച്ച മതം അക്രമത്തിനും അസഹിഷ്ണുതക്കും ഇടയാക്കുന്നതെങ്ങിനെയെന്ന് ഈ ആക്ഷേപഹാസ്യ കൃതിയിൽ ചിത്രീകരിച്ചിരുന്നു. ഇത് മതാന്ധരെ ഏറെ ചൊടിപ്പിച്ചു. 1992–ലെ യൂറോപ്യൻ സാഹിത്യ സമ്മാനത്തിന് ഈ കൃതി നിർദ്ദേശിക്കപ്പെട്ടുവെങ്കിലും മതനിന്ദാപരമാണെന്ന കാരണം പറഞ്ഞ് അത് നിഷേധിച്ചു. തുടർന്ന് ലിസ്ബൺ ഉപേക്ഷിച്ച് ശാന്തസുന്ദരമായ കാനറി ദ്വീപിലെ ഏകാന്തതയിൽ അദ്ദേഹം അഭയം തേടി.

Blindness എന്ന നോവൽ വിചിത്രമായ നേത്രരോഗം പിടിപെടുന്ന ഒരു സമൂഹത്തിന്റെ കഥയാണ്. കണ്ണുള്ളപ്പോൾ കാണാതിരിക്കുന്ന കാഴ്ചശക്തിയുള്ളപ്പോൾ തന്നെ അന്ധരായ സമൂഹത്തിന്റെ പുനഃസൃഷ്ടിയാണിതിൽ.

ആൽഫ്രഡ് നൊബേലിന്റെ ഛായാചിത്രം പതിച്ച മെഡലും 9,67,500 ഡോളർ (4 കോടിയോളം രൂപ) തുകയും സരമാഗോക്ക് ഡിസ. 10ന് സമ്മാനിക്കപ്പെടും. "വ്യക്തിപരമായി ആഹ്ലാദിക്കുന്നതോടൊപ്പം എന്റെ രാജ്യത്തെയോർത്തും ഞാൻ സന്തുഷ്ടനാണെ"ന്നുമാണ് സരമാഗോ പറഞ്ഞത്. "പോർത്തുഗീസു ഭാഷ ഇതിനായി നൂറുവർഷം കാത്തിരിക്കേണ്ടിവന്നു. ഈ ഭാഷ മ്യൂസിയത്തിലെ പ്രദർശനവസ്തുവായി മാറാതിരിക്കാൻ ജീവസ്സുറ്റ ഒന്നാവാൻ മാർഗ്ഗങ്ങളും സംരക്ഷണോപാധികളും കണ്ടെത്തേണ്ടിയിരിക്കുന്നു. എഴുത്തുകാരന്റെ പങ്ക് അതിനെ സംരക്ഷിക്കുകയും ഇതിനോടൊപ്പം പ്രവർത്തിക്കുകയുമാണ്" എന്നാണ് നൊബേൽ സമ്മാനലബ്ധിയിൽ സരമാഗോ പ്രതിവചിച്ചത്. □

സിനിമ

# ഒരു ഏപ്രിൽ സന്ധ്യയുടെ മുറിവ്

സി. സോമൻ
വൈസ് പ്രസിഡണ്ട്
കെ എസ് എഫ് ഇ ഓഫീസേഴ്സ് യൂണിയൻ

അന്ന് ശ്രീബുദ്ധന്റെ ജന്മദിനമായിരുന്നു.
നഗരത്തിൽ സർക്കാർ വിരുദ്ധ കലാപം
പൊട്ടിപടർന്നതും അന്നുതന്നെ
യുവാക്കളും യുവതികളും വൃദ്ധരും കുട്ടികളും ചേർന്ന
കലാപക്കൂട്ടം നഗരം കൈയ്യടക്കിയ ഒരു പകൽ

അവളും (അവൾക്ക് പേരില്ല) അമ്മയുടെ കൈവിരൽത്തുമ്പിൽ പിടിച്ച് പകച്ചോടുകയായിരുന്നു. ഒടുവിൽ രക്ഷപ്പെടാനാകാതെ അവളും അമ്മയും തോക്കുകൾക്ക് നടുവിൽപ്പെട്ടുപോയി.

കലാപം അടങ്ങുമ്പോൾ ഇരുന്നൂറിൽപ്പരം ശവങ്ങൾ നഗരത്തിൽ അങ്ങിങ്ങ് വിറങ്ങലിച്ചു കിടന്നു.

ശവവാഹനങ്ങൾ ശ്മശാനത്തിലേക്ക് യാത്രയാകുമ്പോൾ ശവക്കൂനകൾക്കിടയിൽ അവളുടെ മാത്രം ജീവൻ തുടിച്ചു. ഇതേപോലെ മറ്റൊരു ശവവാഹനത്തിൽ തന്റെ അമ്മയുടെ നിശ്ചേതന ശരീരവും കിടപ്പുണ്ടാകുമെന്നവൾക്കുറപ്പുണ്ട്. അമ്മയുടെ അടിവയറ്റിലേറ്റ ആഴമേറിയ വെടിമുറിവ് അവൾ കണ്ടതാണ്. രക്തം വാർന്ന് വാർന്ന് അവളുടെ കൈവിരൽപ്പിടിയിൽ നിന്നും വിമോചിതയായി അമ്മ കലാപഭൂമിയിൽ കുഴഞ്ഞുവീണതും അവൾ കണ്ടതാണ്. കണ്ണുകൾ ചിമ്മിത്തുറന്ന് തന്റെ വാഹനത്തിൽ അമ്മയുടെ മൃതദേഹവും കിടപ്പുണ്ടോ എന്നവൾ അന്വേഷിച്ചു. ചുറ്റും കരുവാളിച്ച് ചീർത്ത ശവശരീരങ്ങൾ കണ്ട് പകച്ച് പരവശയായവൾ ഊർന്ന് ഊർന്ന് ശവവണ്ടിയിൽ നിന്നും താഴേക്ക് ചാടി ഓടി.

1998 ഏപ്രിൽ 11
തിരുവനന്തപുരം നഗരത്തിലെ
ടാഗോർ തിയേറ്ററിന് പുറത്ത്
ദയയില്ലാത്ത മീനച്ചൂട്

തിയേറ്ററിനകത്തു പ്രദർപ്പിച്ച A Petel (ഇതൾ) എന്ന തെക്കൻ കൊറിയൻ ചിത്രത്തിലെ ചില ദൃശ്യങ്ങളാണ് മുകളിൽ വിവരിക്കപ്പെട്ടത്. മാനവ മനസ്സാക്ഷിയുടെ ഉറക്കം കെടുത്താൻ കെൽപ്പുള്ള ഈ രംഗങ്ങൾ ഈ ചിത്രത്തിലെ പതിനഞ്ചുകാരി നായിക പെൺകൊടിയുടെ ഓർമ്മയിൽ ഒരു പേക്കിനാവ് പോലെ ഇടക്കിടെ കത്തിപ്പടരുകയാണ്.

ശവവണ്ടിയിൽ നിന്നും പിടഞ്ഞോടിയ പെൺകുട്ടി മൈലുകൾതാണ്ടി ഒരു പുഴവക്കിലെത്തുമ്പോൾ പരുക്കൻ പ്രകൃതത്തിലൊരപരിചിതനെ കണ്ടുമുട്ടുന്നു. "വലിയേട്ടാ, വലിയേട്ടാ" എന്ന് സംബോധന ചെയ്തുകൊണ്ടവൾ അയാൾക്ക് പിന്നാലെ കൂടി. ആദ്യമൊക്കെ അയാൾ ചീത്തവാക്കുകൾകൊണ്ട് ശകാരിച്ചവളെ ആട്ടിഓടിക്കുവാൻ ശ്രമിച്ചു. എന്നിട്ടും 'വലിയേട്ടാ' വിളിയുമായവൾ അയാൾക്ക് പിന്നാലെ നടന്നു. അയാൾ അവൾക്ക് നേരെ കല്ലെറിഞ്ഞോടിക്കാൻ നോക്കിയിട്ടും അവൾ പിന്മാറിയില്ല. അവളുടെ ശല്യം അവസാനിപ്പിക്കാൻ ഒടുവിൽ തെരഞ്ഞെടുത്ത പോംവഴിയാണ് പരസ്യമായ ബലാൽസംഗം. ക്രൂരമായ ബലാൽസംഗത്തിനിടയിൽ അപസ്മാര രോഗിയെപ്പോലെയവൾ കരഞ്ഞുപിടഞ്ഞു. പരാക്രമത്തിൽ അവശയായ അവളെ എണീറ്റ് തൊഴിച്ചുരുട്ടിയിട്ട് അയാൾ വീണ്ടും നടന്നു. വേച്ച് വേച്ചെണീറ്റ അവൾ അയാളെ പിൻതുടർന്നുകൊണ്ടേയിരുന്നു. ഒടുവിൽ അയാളുടെ വാസപ്പുരക്കുള്ളിൽ അഭയം പ്രാപിച്ചവൾ ചുരുണ്ടുകൂടി. ആ കൂരക്കുള്ളിൽ അവൾ വീണ്ടും വീണ്ടും അയാളുടെ കാമശമനിയായിക്കൊണ്ടേയിരുന്നു.

ദുഃസ്വപ്നം പോലെ കടന്നുവരുന്ന കലാപഭൂമിയിൽ പിടഞ്ഞുവീണ അമ്മയുടെ ഓർമ്മകളും അതിനു മുമ്പേ മരിച്ചുപോയ തന്റെ ഏട്ടനോടൊപ്പം ചിലവിട്ട പൂക്കാലചിന്തകളും അവളെ ഒരേപോലെ വേട്ടയാടി. ഈ ഗതകാല ചിന്തകളിൽ താനറിയാതെ കുടുങ്ങുമ്പോഴൊക്കെ അവൾ ഒരു ചിത്തരോഗിയെപ്പോലെ കരയുകയും ഗോഷ്ടികൾ കാണിച്ച് പിച്ചുംപേയും പറയുകയും പതിവാക്കി. പിന്നീട്, പരുക്കൻ പുരുഷൻ അവളിൽ തെല്ല് കനിവ് പകരുവാൻ തുടങ്ങുന്ന ഘട്ടത്തിൽ പെൺകുട്ടി അപ്രത്യക്ഷയായി.

അവളുടെ അന്തരിച്ച കൂടപ്പിറപ്പിന്റെ ചങ്ങാതികൾ ചതുരപ്പല്ലുകാരിയും പതിനഞ്ചുകാരിയുമായ മെലിഞ്ഞ പെൺകുട്ടിക്കായി നാടായ നാടൊക്കെ അന്വേഷണം ആരംഭിക്കുമ്പോൾ അവൾ ഭൂമിയിലെവിടെയോ നഷ്ടമായി.

'ഇതൾ' എന്ന സിനിമയുടെ പ്രമേയച്ചുരുക്കം ഏതാണ്ടിങ്ങനെയാണ്.

ഇക്കഴിഞ്ഞ അന്തർദ്ദേശീയ ചലച്ചിത്രോത്സവത്തിലെ ഏറെ സിനിമകൾ കാണാൻ ഭാഗ്യമുണ്ടായെങ്കിലും 'ഇതൾ' പകർന്ന അങ്കലാപ്പ് വിട്ടുപിരിയുന്നില്ല.

ചിത്രസംവിധായകന്റെ പേരറിയില്ല. പെൺകുട്ടിയുടെ പേരും ഓർമ്മയിലില്ല. എന്നാൽ ബോധമുള്ള കാലമൊക്കെയും ഈ ദുരന്തവാഹിനിയായ പെൺകുട്ടിയുടെ പീഢാനുഭവങ്ങൾ മനസ്സിലെ ഉണങ്ങാത്ത മുറിവായി നിരന്തരം അലോസരപ്പെടുത്തുമെന്നത് തീർച്ചയാണ് □

(13-ാം പേജിൽ നിന്ന് തുടർച്ച)

1980കളിൽ വളരെയധികം ഊർജ്ജം ചെലവഴിച്ചു. എന്നാൽ മിത്തറാങ്ങിന്റെ നയങ്ങൾ മറ്റുള്ളവരുടേതുപോലെ നിഷ്കരുണമായിരുന്നില്ല.

തൽഫലമായി ട്രേഡ് യൂണിയനുകളുടെ അംഗബലവും വിലപേശൽ ശക്തിയും ഗണ്യമായി കുറഞ്ഞു. ട്രേഡ്‌യൂണിയനുകളിൽ തൊഴിൽശക്തിയുടെ അനുപാതം ബ്രിട്ടനിൽ 60-ൽ നിന്നും 33ഉം ജർമ്മനിയിൽ36-ൽ നിന്നും 30ഉം ഫ്രാൻസിൽ 20ൽ നിന്നും 10ഉം ശതമാനമായി കുറഞ്ഞു.


എന്നാൽ സാമ്പത്തിക വളർച്ചയും ട്രേഡ്‌യൂണിയനുകളുടെ ശക്തിക്ഷയവും യൂറോപ്പിലെ തൊഴിലില്ലായ്മയിൽ അനുകൂലമായ ഒരു സ്വാധീനവുമുണ്ടാക്കിയില്ല. നേരെമറിച്ച് ഇതിനുവിരുദ്ധമായ പ്രവണത മറ്റുചില രാജ്യങ്ങളിൽ പ്രകടമായി. തൊഴിലാളികളുടെ കൂട്ടായ വിലപേശൽശക്തി വർദ്ധിച്ച അപൂർവ്വം രാജ്യങ്ങളിൽ ഒന്നാണ് നെതർലാന്റ്സ്. അവിടെ തൊഴിലില്ലായ്മ ശേതമാനം മാത്രമാണ്. യൂറോപ്യൻ കമ്യൂണിറ്റി രാജ്യങ്ങളിലേതിന്റെ പകുതി.

പ്രതീക്ഷിക്കാത്ത ഒരു കോണിൽ നിന്നും ഈ വാദത്തിന് പിന്തുണ ലഭിച്ചിരിക്കുന്നു. കൂട്ടായ വിലപേശൽ ശക്തിക്ക് തൊഴിലോ തൊഴിലില്ലായ്മയുമായോ പറയത്തക്ക ബന്ധമില്ലെന്ന് സ്ഥാപിക്കുന്ന സ്ഥിതിവിവരങ്ങൾ ഒ.ഇ.സി.ഡി. അതിന്റെ 'എംപ്ലോയ്മെന്റ് ഔട്ട്ലൂക്കി'ന്റെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിപണി പരിഷ്കാരങ്ങൾക്കും ട്രേഡ് യൂണിയനുകളുടെ ശക്തികുറക്കുന്നതിനും വേണ്ടി നിലകൊള്ളുന്ന സംഘടനയാണ് ഒ.ഇ.സി.ഡി.

മാമൂൽ സാമ്പത്തിക ശാസ്ത്രജ്ഞൻമാർക്ക് കാലങ്ങളായി പറഞ്ഞു ശീലിച്ച അതിലളിതമായ പ്രതിവിധികളെ ഇനി ആശ്രയിക്കാനാവില്ല.

അതിസങ്കീർണ്ണവും വിഷമകരവുമായ വിശകലന സമ്പ്രദായം സ്വീകരിക്കേണ്ടി വരും. ഉൽപാദനത്തിലെ സാങ്കേതികവും സംഘടനാപരവുമായ മാറ്റങ്ങൾ, ആഗോളവ്യാപാരക്രമം, ആഗോള മൂലധനത്തിന്റെ വമ്പിച്ച സ്വാധീനം എന്നീ ഘടകങ്ങളും തൊഴിലാളികളെ അച്ചടക്കമുള്ളവരാക്കി നിറുത്തുന്നതിനുള്ള ഉപാധിയായി തൊഴിലില്ലായ്മയെ ഉടമകൾ കാണുന്നതെന്തുകൊണ്ട് എന്ന ചോദ്യവും കണക്കിലെടുക്കേണ്ടിവരും. യൂണിയനുകളെ കടന്നാക്രമിച്ചതുകൊണ്ടൊന്നും തൊഴിലില്ലായ്മക്ക് പരിഹാരമാകുന്നില്ല. കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുമെന്നു കരുതി ഇതിനെ അനുകൂലിക്കുന്ന തൊഴിലാളികൾ യഥാർത്ഥത്തിൽ വഞ്ചിക്കപ്പെടുകയാണ്.

ഇന്ത്യക്കാർക്ക് ഈ പ്രശ്നം ബാധകമല്ലെന്നു തോന്നിയേക്കാം. എന്നാൽ വാസ്തവം അതല്ല. സംഘടിത മേഖലയിലെ യൂണിയൻവത്കരിക്കപ്പെട്ട തൊഴിലാളികൾ സവിശേഷാധികാരമുള്ള ഒരു വരേണ്യവിഭാഗമാണെന്നും അവരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും തൊഴിലവസര വളർച്ചക്കും സാങ്കേതിക രംഗത്തെ നിക്ഷേപത്തിനും ശക്തമായ പ്രതിബന്ധം സൃഷ്ടിക്കുന്നുവെന്നുമുള്ള വാദങ്ങൾ നിരന്തരം ഉയരുന്നുണ്ട്. ട്രേഡ് യൂണിയനുകളുടെ ശക്തി കുറയുന്നത് സംഘടിത മേഖലയിൽ തൊഴിൽ ഉത്തേജനത്തിന് വഴി തുറക്കുമെന്ന വിശ്വാസവും ശക്തിപ്പെട്ടുവരുന്നു. എന്നാൽ പശ്ചിമ യൂറോപ്യൻ അനുഭവങ്ങൾ ഈ വാദത്തെ നിരാകരിക്കുന്നു. സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ഏൽക്കുന്ന ക്ഷതം അസംഘടിത മേഖലയിൽ മെച്ചപ്പെട്ട വേതനമോ തൊഴിൽ സാഹചര്യങ്ങളോ ഒരുക്കുന്നില്ലെന്നു മാത്രമല്ല അത് മൊത്തം തൊഴിലാളി വർഗ്ഗത്തിന്റെ ജീവിത നിലവാരം തകർക്കുന്നു എന്നതാണ് വസ്തുത. □



ഉത്തരമേഖല പഠനക്യാമ്പ് മലമ്പുഴ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗം സ: എ.കെ. ബാലൻ ഉദ്ഘാടനം ചെയ്യുന്നു.



# മനുഷ്യാവകാശങ്ങളുടെ രക്ഷകൻ

വിധിയുടെ അനിവാര്യമായ കയ്യൊപ്പു പതിഞ്ഞപ്പോൾ അവിസ്മരണീയനായ വിധികർത്താവ് കാലത്തിന്റെ തിരിച്ചുവരവില്ലാതെ ചേംബറിലേക്കു പിൻവാങ്ങി.

നമ്മുടെ പ്രിയപ്പെട്ട പോറ്റിസാറിനെ എങ്ങനെയാണ് ഞാൻ വിശേഷിപ്പിക്കുക – നീതിമാനായ ന്യായാധിപനെന്നോ, പ്രഗൽഭനായ അഭിഭാഷകനെന്നോ, ആത്മാർത്ഥതയുള്ള പൊതുപ്രവർത്തകനെന്നോ, സ്നേഹമുള്ള സുഹൃത്തെന്നോ?

ഇവയെല്ലാമായിരുന്നു, അതേ സമയം ഇവയ്ക്കെല്ലാമപ്പുറമായിരുന്നു സുബ്രഹ്മണ്യൻ പോറ്റി.

ഔപചാരികതയുടെ കോട്ടും ഗൗണും അഴിച്ചുവെക്കുമ്പോൾ അദ്ദേഹം വെറും പോറ്റിസാർ ആയിരുന്നു. എന്നാൽ 'ആകാശം ഇടിഞ്ഞാലും നീതി നിർവഹിക്കപ്പെടട്ടെ' എന്ന ആപ്തവാക്യം ആലേഖനം ചെയ്ത ന്യായാപീഠത്തിൽ സഗൗരവം ഉപവിഷ്ടനായിരിക്കുന്ന ജസ്റ്റിസ് പോറ്റിയായി അദ്ദേഹത്തെ ഓർമിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്.

അവിടെ അദ്ദേഹം പാറപോലെ കരുത്തനും കൊടുങ്കാറ്റുപോലെ ശക്തനും ആയിരുന്നു. നിയമത്തിന്റെ പര്യായവും നീതിയുടെ പ്രതീകവുമായാണ് അദ്ദേഹത്തെ കേരളം കണ്ടത്.

അഭിഭാഷകനായിരുന്നപ്പോൾത്തന്നെ സാമൂഹ്യബോധം മുഖമുദ്രയാക്കി ശ്രദ്ധേയനായ പോറ്റി 1967-ൽ അഡ്വക്കറ്റ് ജനറലും രണ്ടുവർഷത്തിനുശേഷം ന്യായാധിപനുമായപ്പോൾ നീതിന്യായരംഗത്ത് ഭാവനാപൂർണ്ണമായ നവയുഗത്തിന്റെ പിറവിയായി.

ജസ്റ്റിസ് പോറ്റിയുടെ വിധിന്യായങ്ങൾ നിർന്നിമേഷരായാണ് ജനങ്ങൾ സ്വീകരിച്ചത്. അദൃശ്യമായ ആറാമിന്ദ്രിയത്താൽ കേസുകളുടെ സങ്കീർണ്ണതകളും കുരുക്കുകളും അഴിച്ചെടുത്ത പോറ്റി നിയമത്തിന്റെ സാധനയ്ക്കും പ്രയോഗത്തിനും പുതിയ മാനം നൽകി.

അത് ജനകീയതയുടെ മാനമായിരുന്നു. ചിന്തയിലും പ്രവൃത്തിയിലും മാത്രമല്ല, പ്രത്യക്ഷത്തിലും അദ്ദേഹം ജനകീയനായിരുന്നു. ജുബ്ബയും മുണ്ടും ധരിച്ച് ജനങ്ങളുടെ ഇടയിലേക്കിറങ്ങിയ പോറ്റി ഒരിക്കലും ദന്തഗോപുരവാസിയായിരുന്നില്ല. ജനങ്ങളുടെ ഹൃദയത്തിലേക്കു വഴികണ്ടെത്തിയ ആ ന്യായാധിപൻ അധ്വാനിക്കുന്നവരുടെ ആലംബത്തിനും നീതി നിഷേധിക്കപ്പെടുന്നവരുടെ സംരക്ഷണത്തിനും വേണ്ടി പ്രത്യക്ഷമായിത്തന്നെ പക്ഷം പിടിച്ചു. ആ പക്ഷത്തുതന്നെയാണ് എക്കാലവും അദ്ദേഹം നിലയുറപ്പിച്ചതും.

വിട്ടുവീഴ്ചയില്ലാത്ത ആ നിലപാടിൽ തകർന്നുവീണത് അഴിമതിയുടെയും അധികാര പ്രമത്തതയുടെയും പ്രാകാരങ്ങളായിരുന്നു.

രാജൻകേസ് ഓർക്കുന്നില്ലേ? അടിയന്തിരാവസ്ഥയിൽ മനുഷ്യമൃഗങ്ങളാൽ കശാപ്പുചെയ്യപ്പെട്ട ആ യുവാവിന്റെ ദുരന്തം സമൂഹ മനഃസാക്ഷിയുടെ നീറുന്ന വേദനയായി മാറിയത് ജസ്റ്റിസ് പോറ്റിയുടെ ന്യായവിധിയിലൂടെയായിരുന്നു. അടിയന്തരാവസ്ഥയിലെ ആഭ്യന്തരഭരണം കഴിഞ്ഞ് മുഖ്യമന്ത്രിപദമേറിയ കരുണാകരനെ നാലു കൾക്കകം സ്ഥാനഭ്രഷ്ടനാക്കിയതും ആ വിധിതന്നെയായിരുന്നു.

സവിശേഷസിദ്ധിയുള്ള ഒരു ന്യായാധിപനു മാത്രമേ രാജൻകേസിൽ അങ്ങനെയൊരു വിധി എഴുതാൻ കഴിയുമായിരുന്നുള്ളു. അടിയന്തരാവസ്ഥയുടെ ഇരുട്ടിൽ മറച്ചുവയ്ക്കപ്പെട്ട സത്യം യാദൃച്ഛികമായി വെളിവാക്കപ്പെടുമായിരുന്നില്ല. തെളിവിന്റെ അപര്യാപ്തതയിൽ മറ്റൊരു ന്യായാധിപൻ നിരാകരിക്കുമായിരുന്ന കേസ് ജസ്റ്റിസ് പോറ്റിയുടെ ഉൾക്കാഴ്ചകൊണ്ടു മാത്രമാണ് വിസ്ഫോടകമായ സത്യമായി നമ്മെ നടുക്കിയത്.

**ഡോ. സെബാസ്റ്റ്യൻ പോൾ**

രാജനെ കസ്റ്റഡിയിലെടുത്തു എന്ന കാര്യം പോലും നിഷേധിച്ചവർക്ക് ഒന്നൊന്നായി ഒടുവിൽ കുറ്റം മുഴുവൻ ഏറ്റുപറയേണ്ടിവന്നു.

മാർക്ക്കേസ് ഓർക്കുന്നില്ലേ? നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് അർബുദം പോലെ പടർന്നുകൊണ്ടിരുന്ന ആ മഹാവ്യാധി മറനീക്കിക്കാണിച്ചത് ജസ്റ്റിസ് പോറ്റിയായിരുന്നു. പൂജ്യം മാർക്ക് വാങ്ങുന്ന സംപൂജ്യപുത്രൻ മെഡിക്കൽ കോളേജിൽ അനായാസം പ്രവേശനം സമ്പാദിക്കുന്ന അവിശ്വസനീയമായ ഏർപ്പാട് അവസാനിപ്പിച്ച് മെഡിക്കൽ പ്രവേശനത്തിന് പൊതുയോഗ്യതാപരീക്ഷ ഏർപ്പെടുത്തിയത് ജസ്റ്റിസ് പോറ്റിയുടെ വിധിന്യായത്തെ തുടർന്നായിരുന്നു.

അനീതി കാണുമ്പോൾ അസഹിഷ്ണുവാകുന്ന പോറ്റി നീതി നിഷേധിക്കപ്പെടുന്നവന്റെ മുമ്പിൽ അനുകമ്പയുടെ മൂർത്തിയായിരുന്നു. അഗതികളായ തടവുകാരുടെ കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച ഉൽക്കണ്ഠ ഒരു ഉദാഹരണം മാത്രം. ഇരുളറകളിൽ നിന്നെത്തിയിരുന്ന പരാതിയുടെ തുണ്ടുകടലാസുകൾപോലും റിട്ട് ഹർജികളായി പരിഗണിച്ച് അദ്ദേഹം നീതിയുടെ കവാടങ്ങൾ തുറന്നു. മറ്റു കേസുകൾക്കു തടസ്സമുണ്ടാകുന്നുവെന്ന് ആക്ഷേപമുണ്ടായപ്പോൾ പാവ

പ്പെട്ട തടവുകാർക്കുവേണ്ടി ശനിയാഴ്ചകളിൽ പ്രത്യേക കോടതി കൂടുന്നതിനും അദ്ദേഹം തയ്യാറായി.

തടവുകാരുടെ കൂലി വർധിപ്പിച്ചതാണ് ഈ മേഖലയിൽ അദ്ദേഹത്തിന്റെ ഒരു നേട്ടം. അമ്പതുപൈസ മുതൽഒരു രൂപ അറുപതു പൈസവരെ മാത്രമായിരുന്ന ദിവസക്കൂലി എട്ടുരൂപയായി വർധിപ്പിക്കാനും അതിലൊരു ഭാഗം ആശ്രിതർക്കു അയച്ചുകൊടുക്കാൻ തടവുകാരെ അനുവദിക്കാനും അദ്ദേഹം ഉത്തരവായി. കണ്ണൂർ സെൻട്രൽ ജയിലിലെ 19 തടവുകാരുടെ കത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ വിധി.

കുറ്റവാളികളായ കുട്ടികളുടെ കാര്യത്തിൽ ജസ്റ്റിസ് പോറ്റി ചെയ്ത സേവനം ശ്ലാഘനീയമാണ്. കുട്ടികളുടെ നിയമത്തിലെ വിസ്മരിക്കപ്പെട്ട വകുപ്പുകൾ നടപ്പിൽ വരുത്തുന്നതിനും ബോർസ്റ്റൽ സ്കൂളുകളിലെ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും മാത്രമല്ല, അത്തരം കുട്ടികൾക്ക് മോചനം നൽകി തൊഴിൽ കണ്ടെത്തിക്കൊടുക്കുക എന്ന അസാധാരണമായ ഉത്തരവാദിത്തവും അദ്ദേഹം ഏറ്റെടുത്തു.

കോടതിയുടെ റിട്ട് അധികാരത്തിന്റെ പരിധി അഭൂതപൂർവ്വമായി വർധിപ്പിച്ചുകൊണ്ടാണ് പോറ്റി ശ്രദ്ധേയനായ ന്യായാധിപനയത്. നിയമത്തിന്റെ പരിചിതമായ മാനത്തിനപ്പുറം പുതുനീതിയുടെ പുതുവൽ തേടിയ സാഹസികനായിരുന്നു അദ്ദേഹം. ആ സാഹസികത്വം ഇല്ലായിരുന്നുവെങ്കിൽ പല കേസുകളിലും കോടതിക്കു കൈകഴുകി ഒഴിയേണ്ടിവരുമായിരുന്നു.

സർക്കാരിന്റെയും സർക്കാരിന്റെ സായുധഹസ്തമായ പോലീസിന്റെയും അത്യാചാരങ്ങൾക്കെതിരെ പൗരനൊരു 'പരിരക്ഷയുണ്ടെന്ന് എനിക്ക് ബോധ്യമായത് ജസ്റ്റിസ് പോറ്റിയുടെ കോടതിയിൽ ഇരിക്കുമ്പോഴാണ്. നിയമപുസ്തകങ്ങളിലെ കറുത്ത അക്ഷരങ്ങൾക്ക് വികാരമുണ്ടെന്ന് തെളിയിച്ച ആ ന്യായാധിപൻ ഉൾക്കൊണ്ടത് ഒരു ജനതയുടെ വികാരമായിരുന്നു.

ഏറ്റെടുത്ത ഉത്തരവാദിത്തങ്ങളുടെ നിറവിൽ പോറ്റിസാർ നമ്മോടു വിടവാങ്ങുമ്പോൾ വീണ്ടും ഭാരിച്ച ഉത്തരവാദിത്തങ്ങൾ അദ്ദേഹത്തെ കാത്തിരിക്കുന്നുണ്ടായിരുന്നു.

ജീവിതത്തിന്റെ മനോഹാരിത ഉൾക്കൊള്ളുകയും ജീവിതത്തെ മനോഹരമാക്കുകയും ചെയ്ത ഉത്തമനായ മനുഷ്യൻ ഇതാ പിൻവാങ്ങിയിരിക്കുന്നു. അടുത്തയാഴ്ച മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുമ്പോൾ അഭിമാനത്തോടെ നമുക്കു സ്മരിക്കാം. ഇതാ ഇവിടെ മനുഷ്യാവകാശങ്ങളുടെ കരുത്തനായ സംരക്ഷകൻ ഒരിക്കൽ ന്യായം വിധിച്ചിരുന്നു



ശമ്പളപരിഷ്ക്കരണം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തിരുവനന്തപുരം R.Oനു മുമ്പിൽ നടത്തിയ കൂട്ടധർണ്ണ സ: പിരപ്പൻകോട് മുരളി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.

സംഘവേദിയിലേക്കുള്ള രചനകൾ
അയയ്ക്കേണ്ട വിലാസം.
ടി.എൻ. വേണുഗോപാലൻ
കെ.എസ്.എഫ്.ഇ. ലിമിറ്റഡ്
ഹെഡ് ഓഫീസ്, ചെമ്പുക്കാവ്,
തൃശൂർ – 680 020




എറണാകുളം R.O ന് മുമ്പിലെ കൂട്ടധർണ്ണ സി.ഐ.ടിയു അഖിലേന്ത്യ സെക്രട്ടറി സ. വി.ബി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

# ജില്ലാ സമ്മേളനങ്ങൾ

## തിരുവനന്തപുരം



സി.ഐ.ടി.യു സംസ്ഥാന ജന: സെക്രട്ടറി സ: കെ.എൻ. രവീന്ദ്രനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

അസോസിയേഷന്റെ 16-ാമത് ജില്ലാസമ്മേളനം സ: കെ.കമലനഗറിൽ (ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാൾ) 1998 നവംബർ 16ന് ചേർന്നു. സി. ഐ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറി സ:കെ.എൻ.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു.



സ: കെ. തങ്കപ്പൻ നായരെ പൊന്നാട അണിയിക്കുന്നു.

ജില്ലാപ്രസിഡണ്ട് സ: ജി.സുരേഷ്കുമാർ അധ്യക്ഷനായിരുന്നു. ജോയിന്റ് സെക്രട്ടറി സ: എസ്.മോഹനകുമാർ രക്തസാക്ഷി പ്രമേയവും വൈസ്പ്രസിഡണ്ട് സ:കെ.ഗോപകുമാർ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ജില്ലാസെക്രട്ടറി കെ.വിജയൻ സ്വാഗതം ആശംസിച്ചു. സി.പി.ഐ. (എം) തിരുവനന്തപുരം ജില്ലാ സെക്രട്ടറി സ: എം. സത്യനേശൻ, കേന്ദ്ര ഗവ.ജീവനക്കാരുടെ കോൺഫെഡറേഷൻ ജില്ലാസെക്രട്ടറി സ: ജി.മധുസൂദനൻ നായർ, ഓഫീസേഴ്സ് യൂണിയൻ വൈസ് പ്രസിഡണ്ട് സ: സി.സോമൻ തുടങ്ങിയവർ അഭിവാദ്യം ചെയ്തു.

സംസ്ഥാന പ്രസിഡണ്ട് സ: സി. ബി.സി.വാര്യരും ജനറൽ സെക്രട്ടറി സ: ജി.തോമസ് പണിക്കരും പങ്കെടുത്തിരുന്നു.

സഖാക്കൾ എസ്. ബി.സലിംകുമാർ (പ്രസിഡണ്ട്), ജി.സുരേഷ്കുമാർ (സെക്രട്ടറി), ആർ.സന്തോഷ്കുമാർ (ട്രഷറർ) എന്നിവർ ഭാരവാഹികളായുള്ള 21 അംഗ കമ്മിറ്റിയേയും സംസ്ഥാന സമ്മേളന പ്രതിനിധികളായി 55 പേരെയും തെരഞ്ഞെടുത്തു.

ഈയിടെ സർവ്വീസിൽ നിന്നും വിരമിച്ച സഖാക്കൾ കെ.തങ്കപ്പൻനായർ (പേരൂർക്കട), മുഹമ്മദ് ഹനീഫ (കഴക്കൂട്ടം) എന്നിവർക്ക് യാത്രയയപ്പ് നൽകുകയുണ്ടായി. സ: കെ.എൻ. രവീന്ദ്രനാഥ് വിരമിച്ച സഖാക്കളെ പൊന്നാട അണിയിച്ച് ആദരിച്ചു.

## പാലക്കാട്

ജില്ല സമ്മേളനം 1998 നവംബർ 22ന് പാലക്കാട് എൻ.ജി.ഒ. യൂണിയൻ ഹാളിൽ നടന്നു. സി.പി.ഐ. എം. ജില്ല സെക്രട്ടറി സ: പി.ഉണ്ണി സമ്മേളനം ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് സ: ആർ.രാജു അധ്യക്ഷനായിരുന്നു. ജില്ലാസെക്രട്ടറി എസ്.അശോക് കുമാർ സ്വാഗതമാശംസിച്ചു.

KSFE ഓഫീസേഴ്സ് യൂണിയനു വേണ്ടി സ: വി.എം.എച്ച്. ഷഫീക് അഹമ്മദ്, KSRTEA, DREU എന്നിവർ സമ്മേളനത്തിന് അഭിവാദ്യം അർപ്പിച്ചു.

അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സ: ജി. തോമസ് പണിക്കർ, ട്രഷറർ സ: കെ.വി.രാധാകൃഷ്ണൻ എന്നിവർ പങ്കെടുത്തു.

പുതിയ ഭാരവാഹികളായി സഖാക്കൾ ആർ.രാജു (പ്രസിഡണ്ട്) കെ.സുന്ദരൻ (വൈ.പ്രസിഡണ്ട്), എസ്.അശോക് കുമാർ (സെക്രട്ടറി), ദേവദാസ് (ജോ.സെക്രട്ടറി), കെ.മുരളീധരൻ (ട്രഷറർ) എന്നിവരെയും ജില്ലാ കമ്മിറ്റിയംഗങ്ങളായി 10 പേരെയും സംസ്ഥാന സമ്മേളന പ്രതിനിധികളായി 12 പേരെയും തിരഞ്ഞെടുത്തു.

സ: കെ. മുരളീധരൻ കൃതജ്ഞത പ്രകാശിപ്പിച്ചു.



സ: മുഹമ്മദ് ഹനീഫയെ പൊന്നാടയണിയിക്കുന്നു

## എറണാകുളം



സ: കെ.എൻ. രവീന്ദ്രനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

അസോസിയേഷന്റെ 16-ാം ജില്ല സമ്മേളനം 1998 നവംബർ 8ന് എറണാകുളം NFPTE ഹാളിൽ (K.G. ബോസ് ഭവൻ)ൽ നടന്നു. സി.ഐ.ടി.യു സംസ്ഥാന ജന. സെക്രട്ടറി സ: കെ.എൻ.രവീന്ദ്രനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് സ: നാരായണൻ നമ്പൂതിരി അധ്യക്ഷനായിരുന്നു. ജില്ലാ സെക്രട്ടറി സ: പി.ഹരിദാസ് സ്വാഗതം പറഞ്ഞു. KSFE ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന വൈ. പ്രസിഡണ്ട് സ: സി.ആർ.തങ്കപ്പൻ സമ്മേളനത്തെ അഭിവാദ്യം ചെയ്തു. അസോസിയേഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ സഖാക്കൾ കെ.കെ.സാബു, എസ്.ഗിരീഷ്കുമാർ എന്നിവർ പങ്കെടുത്തു.

പുതിയ ഭാരവാഹികളായി സഖാക്കൾ നാരായണൻ നമ്പൂതിരി (പ്രസിഡണ്ട്), പി.സി.ലൈല, പി.യോഗിദാക്ഷൻ (വൈ. പ്രസിഡണ്ടുമാർ), കെ. വി. ആൻസിലി (സെക്രട്ടറി), മദനൻ, രമേഷ്ബാബു (ജോ. സെക്രട്ടറിമാർ) അക്ബർ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## തൃശൂർ



സി.ഐ.ടി.യു തൃശൂർ ജില്ല പ്രസിഡണ്ട് സ: ഇ.കെ. മേനോൻ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

അസോസിയേഷന്റെ 16-ാം ജില്ലാ സമ്മേളനം 1998 ഒക്ടോബർ 18ന് സ: ഇ. എം. എസ്. നഗറിൽ (ഗവ. മോഡൽ ബോയ്സ് ഹൈസ്കൂൾ, തൃശൂർ) നടന്നു. സി.ഐ.ടി.യു. തൃശൂർ ജില്ലാപ്രസിഡണ്ട് സ: ഇ.കെ.മേനോൻ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ജില്ലാപ്രസിഡണ്ട് സ: സി.മധുസൂദനൻ അധ്യക്ഷനായിരുന്നു. സംസ്ഥാന കമ്മിറ്റിയംഗം സ: ടി.എൻ.വേണുഗോപാലൻ രക്തസാക്ഷി പ്രമേയവും അനുശോചന പ്രമേയവും അവതരിപ്പിച്ചു. സ: എൻ.അസ്ഹർ സ്വാഗതമാശംസിച്ചു. സി.ഐ.ടി.യു. തൃശൂർ ജില്ലാ ജോയിന്റ് സെക്രട്ടറി സ: കെ.എഫ്. ഡേവിസ്, KSFE ഓഫീസേഴ്സ് യൂണിയൻ ജില്ലാപ്രസിഡണ്ട് സ: ജെ.കുമാരദാസ് എന്നിവർ സമ്മേളനത്തിന് അഭിവാദ്യം അർപ്പിച്ചു. അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് സ: സി.ബി.സി.വാര്യർ സമ്മേളനത്തിൽ പങ്കെടുത്തു.

പുതിയ ഭാരവാഹികളായി സഖാക്കൾ എ.എസ്.മോഹൻദാസ് (പ്രസിഡണ്ട്), കെ.വി.ജയരാജൻ (വൈ.പ്രസിഡണ്ട്), ടി.എൽ.ജോസ് (സെക്രട്ടറി), കെ. ടി.സുരേഷ്ബാബു, വി.കെ.മധുസൂദനൻ (ജോ.സെക്രട്ടറിമാർ), സി.ആർ.ജയകുമാർ (ട്രഷറർ) എന്നിവരെയും കമ്മിറ്റിയംഗങ്ങളായി 17 പേരെയും, സംസ്ഥാന സമ്മേളനം പ്രതിനിധികളായി 32 പേരെയും തിരഞ്ഞെടുത്തു.

## മലപ്പുറം

ജില്ലാസമ്മേളനം 1998 ഒക്ടോബർ 18ന് മലപ്പുറത്ത് നടന്നു. അസോസിയേഷൻ സംസ്ഥാന ജന. സെക്രട്ടറി സ: ജി.തോമസ് പണിക്കർ സമ്മേളനം ഉദ്ഘാടനം ചെയ്തു.

അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് സ: എൻ.അലി അധ്യക്ഷനായിരുന്നു.

ഓഫീസേഴ്സ് യൂണിയൻ സംസ്ഥാന കമ്മിറ്റിയംഗം സ: മുഹമ്മദാലി അഭിവാദ്യം ചെയ്തു.

പുതിയ ഭാരവാഹികളായി സഖാക്കൾ എൻ.അലി (പ്രസിഡണ്ട്), പി.കെ. ലക്ഷ്മണൻ (വൈ. പ്രസിഡണ്ട്), പി. ഉണ്ണി (സെക്രട്ടറി), സി.പി.ഗിരിജാവല്ലഭൻ (ജോ.സെക്രട്ടറി), ടി.കെ.ദേവദാസൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## കണ്ണൂർ — കാസർകോട്

കണ്ണൂർ-കാസർകോട് ജില്ലാസമ്മേളനം 1998 നവംബർ 22ന് കണ്ണൂർ – II ബ്രാഞ്ച് പരിസരത്ത് നടന്നു. അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് സ: സി.ബി.സി.വാര്യർ സമ്മേളനം ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു. കണ്ണൂർ ജില്ലാ സെക്രട്ടറി സ: കെ.പി.സഹദേവൻ, KSFESA - KSFEOU കോ-ഓർഡിനേഷൻ കണ്ണൂർ - കാസർകോഡ് ജില്ലാ കൺവീനർ സ: കെ.പി.രവീന്ദ്രൻ എന്നിവർ സമ്മേളനത്തെ അഭിവാദ്യം ചെയ്തു.

അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് സ: ആർ.വേണുഗോപാൽ അധ്യക്ഷനായിരുന്നു. ജില്ലാ സെക്രട്ടറി സ: പി. സുഗുണൻ സ്വാഗതമാശംസിച്ചു. അസോസിയേഷൻ സംസ്ഥാന വൈ.പ്രസിഡണ്ട് സ: കെ.പി.കൃഷ്ണൻ പങ്കെടുത്തു.

പുതിയ ഭാരവാഹികളായി സഖാക്കൾ പി. സുഗുണൻ (പ്രസിഡണ്ട്), പി. വേലായുധൻ, കെ.ശശീന്ദ്രൻ (വൈ.പ്രസിഡണ്ടുമാർ) പി.യഹിയ (സെക്രട്ടറി). പി.സദാനന്ദൻ, കെ.പി.രാജീവൻ (ജോ. സെക്രട്ടറിമാർ) എം.ചന്ദ്രകുമാർ (ട്രഷറർ) എന്നിവരെയും കമ്മിറ്റിയംഗങ്ങളായി 14 പേരെയും സംസ്ഥാന സമ്മേളന പ്രതിനിധികളായി 18 പേരെയും തിരഞ്ഞെടുത്തു.

പുതിയ ജില്ല സെക്രട്ടറി സ: പി.യഹിയ നന്ദി പറഞ്ഞു.

# ഐ.സി.എച്ച്.ആർ.ന്റെ വർഗീയവത്കരണം

ഇന്ത്യൻ കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച് (ICHR) ബി.ജെ.പി. ഗവൺമെന്റ് പുനഃസംഘടിപ്പിച്ചിരിക്കുന്നു. 26 അംഗങ്ങളിൽ ഭൂരിഭാഗം പേരും RSS ന്റെ പ്രത്യയശാസ്ത്രത്തോട് അനുഭാവമുള്ളവരാണ്. അങ്ങനെ അധികാരം ചരിത്രത്തെ നിർമ്മിക്കുവാൻ പ്രകടമായി ഉപയോഗിച്ചിരിക്കുകയാണ്.

സാംസ്കാരിക ദേശീയതയാണ് BJP യുടെ പ്രഖ്യാപിത ദേശീയവാദം. അത് വർഗീയതയല്ല യഥാർത്ഥ മതേതരത്വമാണെന്നാണ് അവരുടെ നിലപാട്. കെട്ടുകഥകളേയും വിശ്വാസങ്ങളെയും വച്ച് ചരിത്രത്തെ വ്യാഖ്യാനിക്കുവാനാണ് അവരുടെ ശ്രമം.

അധിനിവേശം തുടങ്ങിയത് ആര്യന്മാരുടെ വരവോടെയാണ് എന്നതിന് നിരവധി തെളിവുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. മോഹൻ ജൊദാരോ, ഹാരപ്പ എന്നിവിടങ്ങളിലെ ഖനനങ്ങളിൽ നിന്നും കിട്ടിയത് നാഗരിക സംസ്കാരത്തിന്റെ അവശിഷ്ടങ്ങളാണ്. ആര്യൻ സംസ്കാരവുമായി ബന്ധപ്പെട്ട് കുഴിച്ചെടുക്കപ്പെട്ട വസ്തുക്കളാകട്ടെ അവരുടേത് ഗ്രാമീണ ജീവിതമായിരുന്നു എന്നതിന് തെളിവുനൽകുന്നുണ്ട്. ആര്യൻ സംസ്കാരവുമായി ബന്ധപ്പെട്ട് കുഴിച്ചെടുക്കപ്പെട്ട ഉപകരണങ്ങൾ, മൺപാത്രങ്ങൾ എന്നിവ മദ്ധ്യേഷ്യയിലെ ഗ്രാമീണ ജീവിതവുമായി സാദൃശ്യമുള്ള ജീവിതരീതിയെയാണ് കാണിക്കുന്നത്. ആര്യന്മാർ മദ്ധ്യേഷ്യയിൽ നിന്നും കുടിയേറിപ്പാർത്തവരാണെന്നുള്ള പ്രശസ്ത നരവംശ ശാസ്ത്രജ്ഞൻ രാഹുൽ സാംകൃത്യയൻ അടക്കമുള്ളവരുടെ നിഗമനങ്ങൾ യുക്തിപൂർവ്വം സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. ആര്യന്മാർ വിദേശികളാണെന്നും വൈദികസംസ്കാരം അധിനിവേശ സംസ്കാരമാണെന്നതിനും നിരവധി തെളിവുകൾ കണ്ടെടുത്തിട്ടുണ്ട്. ഈ തെളിവുകളെ അവഗണിച്ച് വൈദിക സംസ്കാരം സ്വദേശിയമാണെന്ന് വ്യാഖ്യാനിക്കാനാണ് ബി.ജെ.പി. ശ്രമിക്കുന്നത്.

മുഹമ്മദ് ഗോറിയുടെ ആക്രമണത്തോടെയാണ് ഇന്ത്യയിൽ .അധിനിവേശം തുടങ്ങുന്നത് എന്നാണ് ഹിന്ദുത്വവാദികളായ ചരിത്രകാരന്മാരുടെ വാദം. എന്നാൽ ബഹുഭൂരിപക്ഷം ചരിത്രകാരന്മാരും നൽകുന്ന ചിത്രം വ്യത്യസ്തമാണ്. A.D. 1206ൽ ഗോറി കൊല്ലപ്പെട്ടു. ദൽഹി ആസ്ഥാനമാക്കി കുത്തബുദ്ദീൻ ഐബക്കിന്റെ അടിമ വംശ ഭരണം നിലവിൽ വന്നു. 12–ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ 17–ാം നൂറ്റാണ്ടുവരെ സുൽത്താൻ രാജവംശങ്ങളും മുഗൾ സാമ്രാജ്യവും ഉൾപ്പെടെ നിരവധി മുസ്ലീം ഭരണകർത്താക്കൾ ഉത്തരേന്ത്യ അടക്കി ഭരിച്ചു. 18–19 നൂറ്റാണ്ടുകളോടുകൂടി ഇംഗ്ലീഷ് ആധിപത്യം വന്നു. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിൽ മുഗൾ ചക്രവർത്തി ബഹദൂർഷാ പരാജിതനാവുകയും നാടുകടത്തപ്പെടുകയും ചെയ്തു. തുടർന്ന് ബ്രിട്ടീഷ് ഭരണത്തിനെതിരെ നിരവധി സമരങ്ങൾ നടന്നു. കോൺഗ്രസ് നേതൃത്വത്തിൽ ശക്തമായ ദേശീയ പ്രസ്ഥാനം ഉയർന്നുവന്നു. 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രയാവുകയും ചെയ്തു. അതോടൊപ്പം മതാടിസ്ഥാനത്തിൽ ഇന്ത്യ–പാക് വിഭജനവും തത്ഫലമായി രക്തരൂക്ഷിതമായ വർഗ്ഗീയ കലാപവും ആളിക്കത്തി. പാശ്ചാത്യ ചരിത്രകാരന്മാരുൾപ്പെടെ ബഹുഭൂരിപക്ഷം ചരിത്രകാരന്മാരും അംഗീകരിക്കുന്ന വസ്തുതയാണിത്.

1906ലെ ബംഗാൾ വിഭജനം മുതൽ ഇന്ത്യൻ ജനതയെ വർഗ്ഗീയാടിസ്ഥാനത്തിൽ വിഭജിക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. സാമ്രാജ്യത്വത്തിന്റെ ഈ ഭിന്നിപ്പിക്കൽ തന്ത്രം വർഷങ്ങളോളം ഇന്ത്യയിൽ വർഗ്ഗീയമായ അസ്വസ്ഥതകൾ ഉണ്ടാക്കുന്നതിൽ വിജയിച്ചു. ഇന്ത്യയെ വിഭജിച്ച് പാക്കിസ്ഥാൻ ഉണ്ടാക്കുന്നതിൽ ജിന്ന നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയവരിൽ ഖാൻ അബ്ദുൾ ഗാഫർ ഖാനും, മൗലാനാ അബ്ദുൾ കലാം ആസാദുമുൾപ്പെടെ ആയിരക്കണക്കിന് മുസ്ലീമുകൾ ഉണ്ട്. ഇതെല്ലാം മറച്ചുവെച്ച് മുസ്ലീമുകളാണ് ഇന്ത്യയുടെ ഏറ്റവും വലിയ ശത്രുക്കൾ എന്ന് സ്ഥാപിച്ചെടുക്കാനാണ് സംഘപരിവാറിന്റെ ശ്രമം. അധിനിവേശം ആരംഭിച്ചത് മുസ്ലീം രാജാക്കന്മാരാണെന്നും ആര്യന്മാർ സ്വദേശികളാണെന്നും പ്രചരിപ്പിക്കുന്നു. ഇതിന് അധിനിവേശത്തെക്കുറിച്ചും ദേശീയ പ്രസ്ഥാനത്തെക്കുറിച്ചും ഇന്ത്യൻ മനസ്സിലുള്ള ചിത്രം പൊളിച്ചെഴുതണം. ICHR ന്റെ വർഗ്ഗീയവത്കരണത്തിലൂടെ RSS സംഘപരിവാറിന്റെ ലക്ഷ്യം ഇതാണ്.

ഇന്ത്യൻ സംസ്കാരം വൈദിക സംസ്കാരമായിരുന്നില്ല എന്നതാണ് സത്യം. മൗര്യസാമ്രാജ്യത്തിന്റെ കാലം മുതൽ ഏകദേശം ഒരു സഹസ്രാബ്ദത്തോളം ബുദ്ധ–ജൈനമതങ്ങൾക്കായിരുന്നു ഭാരതമൊട്ടാകെ സ്വാധീനമുണ്ടായിരുന്നത്.. മൗര്യസാമ്രാജ്യത്വത്തിന്റെ തകർച്ചയോടെ ബ്രാഹ്മണ രാജവംശങ്ങൾ നിലവിൽ വന്നു. ബുദ്ധമതം ക്ഷയിക്കാനും തുടങ്ങി. ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെ ആന്തരിക വൈരുദ്ധ്യങ്ങളാൽ ജീർണ്ണിച്ച ബുദ്ധമതം ഏറെക്കുറെ സാംസ്കാരികമായി അസ്തമിച്ചു. ഭക്തി പ്രസ്ഥാനത്തെ പുതിയ രൂപത്തിലവതരിപ്പിച്ച് വൈദിക മതം ഉത്തരേന്ത്യയിൽ വർണ്ണാധിഷ്ഠിതമായ സാമൂഹ്യ വ്യവസ്ഥ സ്ഥാപിച്ചു. സാംസ്കാരിക ദേശീയത എന്ന പേരിൽ ബി.ജെ.പി. പ്രചരിപ്പിക്കുന്നത് ഈ വൈദിക സംസ്കാരമാണ്. അധിനിവേശകാരായ ആര്യന്മാരുടെ സംസ്കാരമാണ് വൈദിക സംസ്കാരം.

ചരിത്രസത്യങ്ങളെ വളച്ചൊടിച്ച് തങ്ങളുടെ നിലനിൽപിന് സഹായകരമാവുന്ന രീതിയിൽ വ്യാഖ്യാനിച്ച് പുനഃസൃഷ്ടിക്കുക. RSS പ്രത്യയശാസ്ത്രത്തോട് അനുഭാവമുള്ളവരെ കുത്തിനിറച്ചുകൊണ്ട് ICHR പുനഃസംഘടിപ്പിച്ചത് ഇതിലേക്കുള്ള ചുവടുവെയ്പാണ്. □

# മാനേജ്മെന്റ് പ്രൊപ്രോസലും ശമ്പളപരിഷ്കരണപ്പനിയും

ടി എൻ വേണുഗോപാലൻ

'കാള പെറ്റെന്നു കേൾക്കുമ്പോഴേക്കും കയറെടുത്ത' സംഭവങ്ങൾ ചരിത്രത്തിൽ ധാരാളമുണ്ടായിട്ടുണ്ട്. എന്നാൽ കാള പെറ്റെന്നു കേൾക്കുന്നതിനുമുമ്പ് കയറെടുത്ത സംഭവം ആദ്യത്തേതായിരിക്കും. KSFE യിൽ സംഭവിച്ചത് അതാണ്. നവംബർ 17ലെ ചർച്ചാവേളയിൽ ശമ്പള സ്കെയിലുകളുമായി ബന്ധപ്പെട്ട മാനേജ്മെന്റ് പ്രൊപ്പോസൽ നവംബർ 25ന് സംഘടനകൾക്ക് നൽകാമെന്നും നവംബർ 30ന് ചർച്ച വീണ്ടും നടത്താമെന്നും മാനേജ്മെന്റ് സമ്മതിച്ചിരുന്നു. ഇങ്ങനെയൊരു നടപടി ഇവിടെ മുമ്പ് ഉണ്ടായിട്ടില്ല. മാനേജ്മെന്റ് നിർദ്ദേശങ്ങൾ ചർച്ചയിൽ അവതരിപ്പിക്കുകയാണ് പതിവ്. എന്നാൽ ഇത്തവണ ശമ്പളസ്കെയിലുകൾ മുൻകൂട്ടി തന്നെ സംഘടനകൾക്ക് നൽകുകയായിരുന്നു. അനാവശ്യ ചിന്തകൾക്കും, ഉൽകണ്ഠക്കും, ഊഹാപോഹങ്ങൾക്കും നുണ പ്രചരണങ്ങൾക്കും വഴിവയ്ക്കുകയാണ് ഇത് ചെയ്തത്. നവം. 24ന് തന്നെ പലർക്കും മാനേജ്മെന്റിന്റെ സ്കെയിൽ നിർദ്ദേശങ്ങളുടെ പൊട്ടും പൊടിയും ഏതൊക്കെയോ വിധത്തിൽ കിട്ടിയിരുന്നു. അപ്പോൾ മുതൽ ഹെഡ്ഓഫീസിലേക്ക് ഫോൺകോണുകളുടെ പ്രവാഹമായിരുന്നു. 25ന് കിട്ടാൻ പോകുന്ന പ്രൊപ്പോസലിനെക്കുറിച്ചുള്ള ഉൽക്കണ്ഠ നിറഞ്ഞ അന്വേഷണങ്ങളായിരുന്നു എല്ലാം. മാനേജ്മെന്റ് നിർദ്ദേശങ്ങളെ വെറും നിർദ്ദേശങ്ങളായല്ല, കരാറാക്കപ്പെട്ട രേഖയായിട്ടാണ് പുതിയ ജീവനക്കാർ എന്നുമാത്രമല്ല പല പഴയ ജീവനക്കാരും കണ്ടത്. നവം, 25ന് മാനേജ്മെന്റ് നിർദ്ദേശങ്ങൾ ഔദ്യോഗികമായി സംഘടനകൾക്ക് നൽകിയപ്പോൾ സ്ഥാപനത്തിൽ "ശമ്പളപരിഷ്കരണപ്പനി" മൂർദ്ധന്യാവസ്ഥയിൽ എത്തിയിരുന്നു. ശമ്പളസ്കെയിലുകൾ കണ്ട് ബോധം കെട്ടുവീണവരും തങ്ങൾ വന്ന പഴയ സ്ഥാപനങ്ങളിലേക്കു തന്നെ തിരിച്ചു പോകാൻ തീരുമാനിച്ചവരും ഏറെയുണ്ട്. ആരെങ്കിലും ആത്മഹത്യ ചെയ്യുകയുണ്ടായോ എന്നറിവായിട്ടില്ല. ശമ്പള നിർണ്ണയവും, പുനർനിർണ്ണയവും കൂട്ടലും കിഴിക്കലും ഹരിക്കലും ഗുണിക്കലും തുടങ്ങി അങ്കഗണിതത്തിലെ പതിനെട്ടടവും കഴിഞ്ഞ് ഇപ്പോൾ ബീജഗണിതം, ത്രികോണമിതി, ജ്യോമെട്രി, കാൽക്കുലസ് തുടങ്ങിയ കണക്കുശാസ്ത്രത്തിന്റെ വിവിധ മേഖലകളിലേക്ക് അടിവെച്ചടിവെച്ച് മുന്നേറിക്കൊണ്ടിരിക്കുകയാണ്. അത്രക്കും അപകടമായിരുന്നു പലരുടെയും പ്രവൃത്തികൾ. വിവേകം; സാമാന്യബുദ്ധി തുടങ്ങി മനുഷ്യർക്കു മാത്രമുണ്ടെന്ന് അവകാശപ്പെടുന്ന 'ഗുണവിശേഷ'ങ്ങളെല്ലാം മാറ്റിവെച്ച് വാദപ്രതിവാദങ്ങളും തർക്ക വിതർക്കങ്ങളും വ്യാജപ്രചരണങ്ങളും അരങ്ങ് തകർക്കുകയാണ്.

ഉഭയകക്ഷി കരാർ (Bipartite Agreement) നിലവിലുള്ള KSFE യിൽ ജീവനക്കാരുടെ സംഘടനകൾ തങ്ങളുടെ അവകാശപത്രികകൾ സമർപ്പിക്കുകയും മാനേജ്മെന്റ് അവരുടെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചർച്ചയിലൂടെ ഇരുകൂട്ടർക്കും പൊതുവെ സ്വീകാര്യമായ അവസ്ഥയിൽ കരാറൊപ്പിടുകയും ചെയ്യുകയാണ് പതിവ്. ശമ്പളക്കമ്മീഷനെ നിയമിച്ച്, കമ്മീഷൻ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്ന ഗവണ്മെന്റ് സർവീസിൽ പോലും സംഘടനകളുമായി ചർച്ചചെയ്ത അവരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച്, ശമ്പളക്കമ്മീഷൻ ശുപാർശ ചെയ്തതിൽ നിന്നും വ്യത്യസ്തമായ ശമ്പളസ്കെയിലുകളും ആനുകൂല്യങ്ങളും നടപ്പിലാക്കാറുണ്ട്. ഈ വസ്തുതകളൊക്കെ അറിഞ്ഞുകൊണ്ടുതന്നെയാണ് FEEA ക്കാർ മാനേജ്മെന്റ് പ്രൊപ്പോസലുമായി ബന്ധപ്പെട്ട് കളളപ്രചരണങ്ങൾക്ക് കോപ്പുകൂട്ടിയത്. ശമ്പള പരിഷ്കരണത്തിന്റെ ഒരു ഘട്ടത്തിലും സംഘടനയുടെ അവകാശപത്രികയിൽ ആവശ്യപ്പെട്ടതുതന്നെയോ അല്ലെങ്കിൽ മാനേജ്മെന്റ് നിർദ്ദേശിച്ചതുതന്നെയോ കരാറായി വരാറില്ല. രണ്ടിനുമിടയിൽ ഉഭയകക്ഷി സമ്മതപ്രകാരം എത്തിച്ചേരുന്ന stage - ൽ കരാറാവുന്നു. ഇപ്പോൾ ധാരണയിലെത്തിയ മെഡിക്കൽ അലവൻസിന്റെ കാര്യം മാത്രമെടുത്തു പരിശോധിക്കുക. KSFESA പ്രതിവർഷം 3000/– രൂപയും FEEA 6000 /– രൂപയുമാണ് ഈ ഇനത്തിൽ ആവശ്യപ്പെട്ടത്. നിലവിലുള്ള 600/– രൂപ 750/– ആയി വർദ്ധിപ്പിക്കാമെന്നായിരുന്നു മാനേജ്മെന്റ് നിർദ്ദേശം. എന്നാൽ ധാരണയിലെത്തിയത് 1300/– രൂപയിലും. മറ്റ് അലവൻസുകളുടെ കാര്യത്തിലും ഇതേപോലെ തന്നെയാണ് ഉണ്ടായത്. 10 രൂപ മുതൽ 25/– രൂപവരെ വർദ്ധനവ് നൽകമെന്നായിരുന്നു മാനേജ്മെന്റ് നിർദ്ദേശം. എന്നാൽ നിലവിലുളളതിന്റെ 100% വരെ വർദ്ധനവിലാണ് ധാരണയായത്. ഈ വിധത്തിലൊക്കെത്തന്നെയാണ് ഏതുകാലത്തും നടന്നിട്ടുളളതും കീഴ്വഴക്കവും.

എന്നാൽ ഇപ്പോഴിവിടെ ഉണ്ടായതാണ് വിചിത്രം. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന് പ്രിയം" എന്നു പറഞ്ഞപോലെ ഇവിടെയും വിലകുറഞ്ഞ കക്ഷിരാഷ്ട്രീയമാണ് FEEA ക്കാർ കളിച്ചത്. മാനേജ്മെന്റ് പ്രൊപ്പോസൽ കരാറായ രേഖ തന്നെയാണെന്ന് പ്രചരിപ്പിക്കുക, വർക്കുമെൻ കാറ്റഗറിക്ക് ഇത്തിരി 'കുട്ടിസ്കെയിലും' ഓഫീസർമാർക്ക് "ഇമ്മിണി ബല്യസ്കെയിലും" നൽകുമെന്ന് പ്രചരിപ്പിക്കുക.

കമ്പനി സർവ്വീസിൽ നല്ലൊരു പങ്കും പുതിയ ജീവനക്കാരായതുകൊണ്ടും, അവരിൽ ബഹുഭൂരിഭാഗവും, സ്റ്റാഫ് അസോസിയേഷൻ അംഗങ്ങളായതുകൊണ്ടും അവർക്ക് 'കുട്ടി സ്കെയിൽ' നൽകുമെന്ന് പ്രചരിപ്പിച്ച് മുതലെടുപ്പ് നടത്തുക. പുതിയ ജീവനക്കാരുടെ, ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട ഉൽക്കണ്ഠയെ ഊതിപ്പെരുപ്പിച്ച് ആശയക്കുഴപ്പമുണ്ടാക്കുക. "അങ്കവും കാണാം താളിയുമൊടിക്കാം" എന്നു പറഞ്ഞപോലെ ജീവനക്കാരെ തമ്മിലടിപ്പിക്കുകയുമാകാം അതുവഴി സ്വന്തം സംഘടനയിലേക്ക് നാലാളെ ആകർഷിക്കാൻ പറ്റുമോ എന്ന് പരീക്ഷിക്കുകയുമാകാം. മാനേജ്മെന്റ് പ്രൊപ്പോസലിന്റെ കോപ്പികളെടുത്ത് യൂണിറ്റുകളിൽ എത്തിച്ചുകൊണ്ടും നോട്ടീസ് അടിച്ചിറക്കിക്കൊണ്ടും വ്യാജപ്രചരണങ്ങൾക്ക് ആക്കം കൂട്ടിയത് അതിനുവേണ്ടിയാണ്. കാറ്റാടിയന്ത്രത്തെ ശത്രുവാണെന്ന് കരുതി ആക്രമിച്ച ഡോൺ കിക്സോട്ടിന്റെ പ്രവൃത്തികളെയാണ് ഇതോർമ്മിപ്പിക്കുന്നത്.

മാനേജ്മെന്റ് നിർദ്ദേശിച്ച സ്കെയിലുകളുടെ അപര്യാപ്ത പഠിച്ച്, ജീവനക്കാരുടെ ആവശ്യങ്ങൾ യുക്തിപൂർവ്വം സ്ഥാപിച്ച്, മാനേജ്മെന്റിനെ ബോധ്യപ്പെടുത്തി, ന്യായമായ ശമ്പളപരിഷ്കരണം നേടിയെടുക്കുവാനാണ് ഉത്തരവാദപ്പെട്ട സംഘടനകൾ ശ്രമിക്കേണ്ടത്. മാനേജ്മെന്റിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുക മാത്രമാണ് ലക്ഷ്യമെങ്കിൽ സംഘടനകളുടെ ആവശ്യമില്ലല്ലോ? നിർദ്ദേശിക്കപ്പെട്ട ശമ്പളസ്കെയിലുകൾ മോശമാണെങ്കിൽ, സമരം ചെയ്താണെങ്കിൽ പോലും തങ്ങൾ മെച്ചപ്പെട്ടത് നേടിത്തരാൻ തങ്ങൾ ബാദ്ധ്യസ്ഥരാണെന്നാണ് സ്വന്തം അണികളോടെങ്കിലും FEEA നേതൃത്വം പറയേണ്ടിയിരുന്നത്. അല്ലാതെ മാനേജ്മെന്റ് നിർദ്ദേശിച്ച ശമ്പളസ്കെയിൽ വെച്ച് ശമ്പളം നിർണ്ണയിച്ച് കുടിശ്ശിക എത്ര കിട്ടും എന്ന് കണക്കുകൂട്ടി സമയം കളയുകയല്ല. പക്ഷേ "മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീരുകണ്ടാൽ മതി" എന്നാണല്ലോ പഴഞ്ചൊല്ല്. ശമ്പള പരിഷ്കരണം വർക്കുമെന്നും, ഓഫീസേഴ്സിനും, പുതിയവർക്കും പഴയവർക്കും എല്ലാം ബാധകമാണല്ലോ. ഇന്നത്തെ പുതിയവർ നാളെ പഴയവരാകുകയും വീണ്ടും പുതിയ ആൾക്കാർ വരുകയും പഴകുകയുമൊക്കെ ചെയ്തുകൊണ്ടിരിക്കും. പുതിയവരെന്നും പഴയവരെന്നുമുള്ള തരംതിരിക്കൽ ചില കുത്സിത ബുദ്ധികളുടെ വേലത്തരമാണ്. അതുകൊണ്ട് മാനേജ്മെന്റ് പ്രൊപ്പോസലുമായി ബന്ധപ്പെട്ട അർത്ഥമില്ലാത്ത വാദങ്ങളും അടിസ്ഥാനമില്ലാത്ത പ്രചരണങ്ങളും അനാവശ്യമായ ഉൽകണ്ഠകളും ഒഴിവാക്കി വിവേകവും സാമാന്യബുദ്ധിയും തീർത്തും ആഢംബരമായി കാണുന്ന FEEA ക്കാരുടെ വ്യാജപ്രചരണങ്ങളെ അവഗണിച്ച് ഭേദപ്പെട്ട ശമ്പളപരിഷ്കരണത്തിനായി ഒരുമയോടെ പ്രവർത്തിക്കുക □

# പാവങ്ങളുടെ അമ്മ

മൂന്നുപെൺമക്കളെ പെറ്റൊരമ്മേ
നിനക്കായിരം കൈക്കൂപ്പാൽ പ്രണാമം!
ആറ്റുകാൽ പണ്ഡാരമൊക്കെയും പൊൻ
പണ്ടമായ് മേവുന്നു നിൻ മേനിയിൽ!
പന്ത്രണ്ടു സെന്റും ടെറസ്സു വീടും
വെറും മൂന്നരലക്ഷം മതിക്കും
മൂന്നര സെന്റും ഓരോലവീടും
പത്തര ലക്ഷം മതിക്കാം.
അമ്മേ മഹാമായേ നിന്നുടെ ലീലകൾ
ആരറിവു ഇവ്വിധത്തിൽ!
കായ്ക്കും മരമുണ്ട് കുളവുമുണ്ട്, വെറും
വെറും നാലര സെന്റിൽ എന്തുകാര്യം
'അഞ്ചുഗാന്ധി'യ്ക്ക് വകുപ്പുമുണ്ട്
വില രണ്ടരലക്ഷം കവിഞ്ഞാൽ.
കർത്താവിൻ പ്രിയദാസൻ പുണ്യവാളൻ
കൊയ്യാനറിയാത്ത നോക്കുകുത്തി
കൂട്ടിക്കിഴിച്ചും, ഗുണിച്ചും ഹരിച്ചും
വില ഒന്നരലക്ഷത്തിൽ താഴെയെത്തി.
'അഞ്ചുഗാന്ധി'യ്ക്കിനി എന്തു ചെയ്‌വൂ,
അടവുകൾ പലതും ചികഞ്ഞുനന്നായ്
അമ്മതൻ സങ്കൽപ തേരിലേറി,
പതിനാലരക്കാതം യാത്രചെയ്തു.
കയ്ക്കും മരം കണ്ടു കുളവും കണ്ടു
രണ്ടരലക്ഷത്തിൻ കോപ്പുകണ്ടു
മിന്നൽപ്പിണർപോലെ ലോക്കലറായി
ഫയൽ മേഖലാധീശന്റെ സവിധം കണ്ടു.
'ഗാന്ധി'തൻ നറുമണം കാറ്റിലൂടെ
മേഖലാധീശന്റെ മൂക്കിലെത്തി
കുട്ടിനേതാക്കൾ ചിറകടിച്ചു
"കഴുകേറുവാൻ സോദരീ, സമയമായി"
വിനീതവിശ്വസ്ത നാസ്വാരഭ്രാന്തൻ,
വള്ളിനിക്കറിട്ട മേലരചൻ
അമ്മതൻ തിരുകാതിൽ ഓതി മന്ത്രം
"ഫയൽ വേഗം മുക്കിക്കോ രക്ഷവേണേൽ"
"വള്ളിനിക്കറിട്ട സാറേ, പേടി
യെന്തിനീ വണ്ണം നമുക്ക്?
എങ്കിലും ഞാനൊരു ദാസ്യയല്ലേ
എത്തിടാം വേഗം ഫയൽ കടത്താം
മേഖലാധീശന്റെ അറയ്ക്കുമുന്നിൽ
അമ്മതൻ നിശ്വാസം ആഞ്ഞുവീശി
കുട്ടിനേതാക്കൾ നിലവിളിച്ചു
മുറ്റും നേതാക്കൾ തല കുനിച്ചു.
അമ്മേ മഹാമായേ നിന്നുടെ ലീലകൾ
ആരറിവൂ ഇവ്വിധത്തിൽ!

# മതി'ലേറി' കന്നിയും യൂറോപ്യൻ ക്ലോസറ്റും

രസികനായ ഒരു 'പിള്ള' സഹപ്രവർത്തകരോട് ഒരിക്കൽ ചോദിച്ചു. നമ്മുടെ ഒരു വനിതാ ഓഫീസർ സ്വന്തംസീറ്റിൽ ഇരിക്കുന്നത് യൂറോപ്യൻ ക്ലോസറ്റിൽ ഇരിക്കുന്നതുപോലെയാണ്. ആരാണെന്നു പറയാമോ?

അവിടെ കൂടിയിരുന്ന എല്ലാവരും പിന്നിലേക്ക് തിരിഞ്ഞുനോക്കി ഒരാളെതന്നെ ചൂണ്ടിക്കാട്ടി. ആർക്കും സംശയമുണ്ടായിരുന്നില്ല എത്ര കൃത്യം.

ജലസമൃദ്ധിയും സൗന്ദര്യവുമുള്ള ഒരു നാട്ടിൻപുറത്തെ ശാഖയിലാണ് അവരിപ്പോൾ സേവനം നടത്തിക്കൊണ്ട് 'ഇരിക്കുന്നത്'.

സർവ്വീസിലിരിക്കുമ്പോൾ 'പത്ത് പുത്തൻസ്' ഉണ്ടാക്കുന്നതാണ് പുത്തി എന്നു കരുതി ചില മിടുക്കന്മാരും മിടുമിടുക്കികളും ചെയ്യുന്ന 'വേല'കൾ കണ്ടിട്ടുള്ള ഇണ്ടലുകൊണ്ടാവാം ശ്രീമതി 'ക്ലോസറ്റും' ഈ രംഗത്ത് ഒരെളിയ ശ്രമം നടത്താൻ തുനിഞ്ഞത്.

മകന്റെ പേരിലുള്ള ചിട്ടി ലാഭത്തിൽ പിടിക്കുക എന്ന് ഏത് അമ്മയും ആഗ്രഹിക്കുന്നതല്ലേ. പക്ഷെ ചിട്ടി പിടിക്കാൻ വേറൊരു കക്ഷികൂടി എത്തിയിരുന്നു. എന്നാലും അമ്മ തന്നെ വിജയിച്ചു.

പക്ഷെ മകന്റെ 'ഓതറൈസേഷൻ' കാണണമെന്നായി മറ്റേ കക്ഷി. അതിനെന്താ സ്വന്തം കാബിനിൽ കയറി മകന്റെ പഴയ 'ഓതറൈസേഷൻ' ചുരുട്ടി വെയ്സ്റ്റ് ബാസ്ക്കറ്റിൽ എറിഞ്ഞ് പുതിയ ഒരെണ്ണം എഴുതി ഉണ്ടാക്കി. 'സർക്കാർ നടപടികൾ' കഴിയുന്നത്ര 'സുതാര്യം' ആവണമെന്നുള്ള അഭിപ്രായത്തിന് പ്രാധാന്യം ഏറിവരുന്ന കാലമാണല്ലോ – മാനേജരുടെ നടപടികൾ സുതാര്യമായിരുന്നു. എന്നുവച്ചാൽ മറ്റേ കക്ഷി എല്ലാം കാണുന്നുണ്ടായിരുന്നു.

കക്ഷി തർക്കം ഉന്നയിച്ചു. ചവറ്റുകുട്ടയിൽ നിന്നും പഴയ ഓതറൈസേഷൻ എടുത്ത് ഹാജരാക്കുകയും ചെയ്തു. അമ്മ തൊണ്ടിസഹിതം പിടിക്കപ്പെട്ടപോലായി. രായ്ക്കുരാമാനം കണവനെന്ന കൺകണ്ട ദൈവത്തേയും കൂട്ടി കക്ഷിയുടെ വീട്ടിലെത്തി 'പത്തുപുത്തൻസ്' നൽകി സംഗതി ഒരു വിധം ഒതുക്കി. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു മാത്രമല്ല സംഗതി പാട്ടുമായി.

ഈ രംഗത്ത് പിച്ചവച്ചുതുടങ്ങിയതല്ലേയുള്ളൂ. എത്രയോ വട്ടം വീണിട്ടാണ് നടക്കാൻ കഴിയുക? എന്നൊക്കെ പറഞ്ഞു സമാധാനിച്ചിരിക്കാതെ അങ്ങേലെ മതിലേരികന്നിയെ കണ്ടുപഠിക്കുക. ഒരു കടുത്ത 'നാടൻ' കളരിയിൽ പയറ്റി തെളിഞ്ഞ ഓളിപ്പോൾ ഒട്ട് അകലെയല്ലാതെ മര്യാദ പുരുഷോത്തമന്റെ ബാല്യസ്മരണ പുലർത്തുന്ന നാട്ടിലെ ശാഖയിൽ പതിഞ്ഞാടുകയല്ലേ? ഉറഞ്ഞുതുള്ളുകയുമല്ലേ? ഓളോടു ശിഷ്യപ്പെടുകതന്നെ വേണം ക്ലോസറ്റ് ലേഡി!

ഓൾടെ, 'മതിലേറി' കന്നിയുടെ ശാഖയിൽ ഒരു നാൾ ഒരു ലേലത്തിന് ചിട്ടിയുടെ BCD അറിയാത്ത ഒരു 'ചിറ്റാള' മാത്രം. തുടങ്ങിവച്ചലേലം പകുതിക്ക് നിർത്തി ചിട്ടിയുടെ എന്നല്ല എന്തിന്റേയും A നന്നായിട്ടറിയാവുന്ന കന്നി ഇഷ്ടക്കാരനെ ഫോൺ ചെയ്തുവരുത്തി ലേലത്തിൽ ടിയാനെക്കൂടി ഉൾപ്പെടുത്തി ചിട്ടി അയാൾക്ക് ലാഭത്തിൽ കൊടുത്തു. ആദ്യം മുതൽ പങ്കെടുത്ത ചിട്ടിയുടെ BCD അറിയാത്ത പാവം 'ചിറ്റാള' കണ്ണീരും കൈയുമായി നാട്ടിൻപുറത്തെ കല്യാണം കാണാൻ പോയി. നോക്കൂ, മാഡം, എത്ര 'ഈസി'യായിട്ടാണു കാര്യങ്ങൾ നടന്നത്. പഠിക്കുക തന്നെ വേണം.!!

ആൾ ജാമ്യം നൽകുന്നവരെ കന്നിക്ക്, കണ്ണ് എടുത്തിട്ടുണ്ടെങ്കിൽ കാണാൻ പറ്റില്ല. എന്നാൽ വസ്തുജാമ്യം നൽകുന്നവരെ കണ്ണു എടുത്തില്ലെങ്കിലും നിറയെ കാണാം.

കക്ഷികളുടെ പക്കൽ നിന്നും ഡോക്യുമെന്റ്സ് വാങ്ങുന്നതും സ്ഥലം കാണാൻ പോകുന്നതും വാല്യുവേഷൻ നിശ്ചയിക്കുന്നതുമെല്ലാം ഒരു 'ഏജന്റൻ' ആകണം എന്നത് കന്നിക്ക് നിർബന്ധം. അതാണത്രെ തെക്കൻ പിട്ട. വാല്യുവേഷന് എല്ലാം കഴിഞ്ഞതിനുശേഷമാണ് സെക്ഷനിൽ ഡോക്യുമെന്റ് എത്തുക ഇൻവേഡിൽ ചേർക്കാൻ. വാലുവേഷന് പ്രത്യേക റേറ്റും നിശ്ചയിച്ചിട്ടുണ്ട്. 25000 വരെയുള്ളതിന് ഇത്ര, 50000 വരെ ഇത്രയുള്ളതിന് ഇത്ര എന്നിങ്ങനെ നാദാപുരം ചന്തയിലെ കമ്പോളനിലവാരം അനുസരിച്ചാണ് റേറ്റ് തീരുമാനിച്ചിരുന്നത്. മറ്റൊരു ശാഖയിലെ മാനേജർ നടത്തിയ വാലുവേഷനിൽ തനിക്ക് ഒന്നും 'തടയില്ല' എന്ന് കണ്ട് R.O.യിൽ നിന്നും ആ വാലുവേഷൻ റിപ്പോർട്ട് തിരികെ വാങ്ങി പുതിയത് എഴുതി നൽകി തന്റെ 'പടി' ഉറപ്പുവരുത്തിയ കന്നിയുടെ ചങ്കൂറ്റം വാഴ്ത്തപ്പെടേണ്ടതാണ്. ക്ലോസറ്റ് ലേഡി ആർജിക്കേണ്ടതുമാണ്.

ഒരിക്കൽ സഹികെട്ട ഒരു മാന്യവരിക്കാരൻ 'നല്ല രണ്ടുവാക്ക്' പറഞ്ഞിട്ടു ഇറങ്ങിപ്പോയി. രൗദ്രഭാവം മുഖത്തെടുത്തണിഞ്ഞ കന്നി ഹൈവേ നമ്പ്ര്47 ലേക്ക് പാഞ്ഞ് ചെന്ന് ഉറഞ്ഞലറി –

കൊടുങ്ങല്ലൂർ ഭരണിക്കാലത്ത് പാടിക്കേൾക്കുന്ന ശീലുകളെ കടത്തിവെട്ടുന്നവയായിരുന്നു കന്നിയുടെ വെൺമണി ശ്ലോകം.

അതുകൊണ്ട് ക്ലോസറ്റ് ലേഡി തുടങ്ങിയിടത്തുതന്നെ നിൽക്കാതെ കന്നിയെ കണ്ടുപഠിച്ച് മുന്നോട്ടുപോവുക തന്നെ വേണം. ആരേയും ഭയപ്പെടരുത്. പക്ഷെ ഏതു ഭരണത്തിലും സംരക്ഷണം നിലനിർത്താൻ ഏതെങ്കിലും പത്രക്കാരന്റെയോ അണ്ണന്മാരുടെയോ ഉണ്ണിത്താന്മാരുടെയോ പിൻമുൻ ബലം ഉറപ്പുവരുത്തണം. പറഞ്ഞുവരുമ്പോൾ ക്ലോസറ്റു ലേഡിക്കും ഉള്ളതല്ലേ ചില അങ്കിളുമാർ – പേടിക്കരുത് മുന്നോട്ട്. □

കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷ (സി.ഐ.ടി.യു)നുവേണ്ടി
ജന: സെക്രട്ടറി ജി. തോമസ് പണിക്കർ തൃശൂർ പ്രിന്റ് ഹൗസിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.